VOL NO: 04 | ISSUE 38
www.nerpatham.com
mail@nerpatham.com

# നേർപഥം
വാരിക

2020 SEPTEMBER 19 | 1442 SAFAR 02 | ₹12

## ജലചംക്രമണത്തിലെ ദൈവിക ദൃഷ്ടാന്തം

ജീവന്റെ ആധാരമായാണ് ജലത്തെ പ്രമാണങ്ങൾ പരിചയപ്പെടുത്തുന്നത്. ജലം നശിച്ചുപോവുകയോ ഇല്ലാതാവുകയോ ചെയ്യുന്നില്ല. വെള്ളം, മഞ്ഞ്, നീരാവി എന്നീ മൂന്നവസ്ഥകളിലായാണ് അല്ലാഹു ജലത്തെ മനുഷ്യന് ഉപയുക്തമായ രീതിയിൽ ക്രമീകരിച്ചിരിക്കുന്നത്. ചാക്രികമായ ഈ പരിണാമക്രമത്തെ ചിട്ടപ്പെടുത്തിയത് എങ്ങനെയാണെന്നും എന്തിനാണെന്നും അതിന്റെ സ്രഷ്ടാവായ അല്ലാഹു ക്വുർആനിലൂടെ വിശദീകരിക്കുന്നുണ്ട്. ശാസ്ത്രം അന്ധകാരത്തിലായിരുന്നപ്പോഴും ഇപ്പോഴും പ്രശോഭിതമായ ആ ദൈവിക വചനങ്ങളിലൂടെ ഒരു യാത്ര.

|| മസ്ജിദുകളിലേക്ക് മടങ്ങിയെത്തുമ്പോൾ
|| തത്ത്വചിന്തകരുടെ ദൈവവിശ്വാസം

## വിറ്റഴിക്കപ്പെടുന്ന ഇന്ത്യൻ പൊതുമേഖല

പൊതുമേഖല സ്ഥാപനങ്ങളെ കേന്ദ്രസർക്കാർ കോർപ്പറേറ്റു ഭീമൻമാർക്ക് തുച്ഛമായ വിലയ്ക്ക് വിറ്റുകൊണ്ടിരിക്കുകയാണ്. പൊതുമേഖലയുടെ തിരോധാനം ഇന്ത്യയിലെ ഏതാനും അതിസമ്പന്നരൊഴികെയുള്ള ഓരോ പൗരന്റെയും വർത്തമാനത്തെയും ഭാവിയെയും തകർക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.


മാനസിക
സമ്മർദങ്ങൾക്ക്
സ്നേഹ സാന്ത്വനം
WISDOM YOUTH
WISDOM
alive
COUNSELLING DESK
കൊറന്റൈൻ ചെയ്യപ്പെട്ടവർക്ക് സമാശ്വാസം
മാനസിക ശാരീരിക പ്രതിസന്ധികൾക്ക് പരിഹാരം
വിളിക്കേണ്ട സമയം : 9 AM to 5 PM
വിദഗ്ദ്ധ ഡോക്ടർമാർ, മാനസികരോഗ വിദഗ്ദ്ധർ, ഫാമിലി കൗൺസിലർമാർ, പണ്ഡിതൻമാർ തുടങ്ങിയവരുടെ സേവനം.
WISDOM HEALTHCARE
Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut
wisdomyouth

നേർപഥം
വാരിക

0192 / 2020 സെപ്തംബർ 19 / 1442 സഫർ 02 / പുസ്തകം 04 / ലക്കം 38



# ജലചംക്രമണത്തിലെ ദൈവിക ദൃഷ്ടാന്തം

ഡോ. ജൗസൽ

**മുഖമൊഴി**
വിറ്റഴിക്കപ്പെടുന്ന ഇന്ത്യൻ പൊതുമേഖല സ്ഥാപനങ്ങൾ / 05

**ജാലകം**
അതിജീവനം / 06
- സി

**ക്വുർആൻ ദർശനം**
സ്വഫ്ഫ് (അണി), ഭാഗം: 4 / 31
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ബാലപഥം**
ദുഷിച്ച മനസ്സും ചീത്തവാക്കും / 34
ഉസ്മാൻ പാലക്കാഴി

**ലേഖനം**
ഗ്രന്ഥച്ചുമടേറ്റിയ കഴുത / 07
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
മസ്ജിദുകളിലേക്ക് മടങ്ങിയെത്തുമ്പോൾ / 16
ടി.കെ.അശ്റഫ്
ദുരന്തങ്ങളിൽ വിശ്വാസികൾക്കൊരു മാർഗരേഖ / 23
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
തത്ത്വചിന്തകരുടെ ദൈവവിശ്വാസം / 26
ഡോ.സബീൽ പട്ടാമ്പി

**ചർച്ച**
വിവാഹപ്രായം: മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ? / 18
മുഹമ്മദ് സ്വാദിക്വ് മദീനി
വിവാഹപ്രായ വർധന അടിച്ചേൽപിക്കരുത് / 22
ഫാദർ പോൾ തേലക്കാട്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly




## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 192 – ചോദ്യങ്ങൾ

1) തങ്ങളുടെ കൃഷിയുടെ വിളവെടുപ്പുസമയത്ത് പാവങ്ങൾക്ക് ഒന്നും കൊടുക്കാതിരിക്കാനായി കൗശലം കാണിച്ച കർഷകരുടെ കഥ പറയുന്നത് ക്വുർആനിലെ എത്രാമത്തെ സൂറത്തിലാണ്?

(1) 68 (2) 18 (3) (1) 28

2) അനാദികാലം മുതൽ ഭൂമിയിലെ ജലം അതിന്റെ മൂന്നു അവസ്ഥകളായ മഞ്ഞ്, ജലം, നീരാവി എന്നീ അവസ്ഥകളിലൂടെ തുടർച്ചയായി രൂപഭേദം ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രക്രിയക്ക് പറയുന്ന പേര്?

(1) ജലജാലകം (2) ജലപോഷണം (3) ജലചംക്രമണം

3) ജലചക്രത്തിലെ വിവിധങ്ങളായ സുപ്രധാന ഘട്ടങ്ങൾ വിശദീകരിക്കുന്ന ക്വുർആൻ വചനം?

(1) 39:21 (2) 21:10 (3) 2:17

4) 'ഒരു ദൈവം ഉണ്ട് എന്ന കാര്യത്തിൽ ഉറപ്പുള്ളതിനെക്കാൾ നമുക്ക് മറ്റൊരുകാര്യത്തിലും ഉറപ്പില്ല. അവൻ എന്നും നിലനിൽക്കുന്നവനും പൂർണതയുള്ളവനുമാണ്' എന്നു പറഞ്ഞ ഡച്ച് തത്ത്വചിന്തകൻ?

(1) സ്പിനോസ (2) സോക്രട്ടീസ് (3) പ്ലാറ്റോ

5) തൗറാത്ത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ ഉദാഹരണം ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടേത് പോലെയാകുന്നു...'' (ക്വുർആൻ 62:5). ഈ ജനവിഭാഗം ഏതാണ്?

(1) നസ്വാറാക്കൾ (2) സ്വാബിഉകൾ (3) യഹൂദികൾ

6). 2019 സെപ്റ്റംബറിലെ അവസ്ഥയനുസരിച്ച് ഇംഗ്ലണ്ടിലെ അംഗീകൃതമായ വിവാഹപ്രായം പുരുഷനും സ്ത്രീക്കും ...................... വയസ്സാണ്.

(1) 16 (2) 18 (3) 21

7) മഹാത്മാഗാന്ധി വിവാഹം കഴിക്കുമ്പോൾ ഭാര്യ കസ്തൂർബയുടെ പ്രായം എത്രയായിരുന്നു?

(1) 18 (2) 14 (3) 13

8) 'നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക, നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കാം'

(1) ക്വുർആൻ 3:132 (2) ക്വുർആൻ10:10 (3) ക്വുർആൻ 4:100

9) വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഭരണനിയന്ത്രണത്തിലായി ഇന്ത്യയിൽ 2016 മാർച്ച് 31 വരെയുള്ള കണക്ക് പ്രകാരം എത്ര കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ നിലവിലുണ്ട്?

(1) 255 (2) 210 (3) 320

10) രാഷ്ട്രത്തിന്റെ 'നാഡിയും ഞരമ്പു'മെന്ന് പൊതുമേഖലയെ വിശേഷിപ്പിച്ച പ്രധാനമന്ത്രി?

(1) ജവഹർലാൽ നെഹ്റു (2) വി.പി സിംഗ് (3) നരസിംഹറാവു

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

മുഖമൊഴി

# വിറ്റഴിക്കപ്പെടുന്ന ഇന്ത്യൻ പൊതുമേഖല സ്ഥാപനങ്ങൾ

ഇന്ത്യയുടെ ഇതംപര്യന്തമായ വികസനത്തിൽ പൊതുമേഖല സ്ഥാപനങ്ങൾ വഹിച്ച പങ്ക് വളരെ നിർണായകമാണ്. സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിലും സാങ്കേതിക വിദ്യയിലും സ്വയംപര്യാപ്തത കൈവരിക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് ഇന്ത്യയിൽ പൊതുമേഖല സ്ഥാപനങ്ങൾ ആരംഭിച്ചത്. വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഭരണനിയന്ത്രണത്തിലായി ഇന്ത്യയിൽ 2016 മാർച്ച് 31വരെയുള്ള കണക്ക് പ്രകാരം 320 കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇതിൽ 244 സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാണ്.

ഖേദകരമെന്നു പറയട്ടെ നിലവിലുള്ള സർക്കാർ പൊതുമേഖല സ്ഥാപനങ്ങളെ കോർപ്പറേറ്റു ഭീമൻമാർക്ക് തുച്ഛമായ വിലയ്ക്ക് വിറ്റുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം ഒടുവിലത്തെ ഉദാഹരണമാണ്.

പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യകമ്പനികൾക്ക് കൈമാറുമ്പോൾ ഇന്ത്യൻ ജനതക്ക് നഷ്ടപ്പെടുന്നത് ഒരു സംസ്കാരവും അത് പടുത്തുയർത്തിയ തലമുറകളുടെ ജീവിതവുമാണ്. രാഷ്ട്രത്തിന്റെ 'നാഡിയും ഞരമ്പു'മെന്ന് പൊതുമേഖലയെ വിശേഷിപ്പിച്ചത് പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവാണ്. ദേശീയ സ്വാതന്ത്ര്യ പോരാട്ടങ്ങളുടെ രണഭൂമിയിൽനിന്നുയർന്ന മഹത്തതായൊരു സാക്ഷാത്കാരമാണ് ഇന്ത്യൻ പൊതുമേഖല; കോളനിയാധിപത്യത്തിനും അസമത്വങ്ങൾക്കുമെതിരെ പോരാടി മരിച്ചവരുടെ മനസ്സുകളിൽ കത്തിനിന്ന സമത്വദർശനത്തിന്റെ പ്രതിരൂപം. സ്വാശ്രയത്വവും സാമൂഹ്യനീതിയും നെഞ്ചിൽ നെരിപ്പോടുകളാക്കി കൊണ്ടുനടന്ന പോരാളികളുടെ ത്യാഗങ്ങളെ അംഗീകരിച്ചുകൊണ്ട് സ്വതന്ത്ര ഇന്ത്യ അഭിമാനപൂർവം ഏറ്റുവാങ്ങിയ സംരംഭം.

ഘനവ്യവസായങ്ങൾ മുതൽ സൈക്കിൾ വ്യവസായം വരെ, വ്യോമയാനം മുതൽ കപ്പൽ നിർമാണവും കോട്ടൺ മില്ലുകളും വരെ, എണ്ണഖനികൾ മുതൽ രാസവളനിർമാണം വരെ, കാർഷിക സംസ്കരണം മുതൽ ഗവേഷണ സ്ഥാപനങ്ങളുടെ ശൃംഖലകൾ വരെ, പെട്രോളിയം ഉൽപന്നങ്ങളുടെ ഖനനം മുതൽ വിതരണം വരെ, സിമന്റും എഞ്ചിനിയറിംഗും മുതൽ ഉപകരണനിർമാണ കേന്ദ്രങ്ങൾ വരെ, അങ്ങനെ ബാങ്കുകൾ, ആയുധവ്യവസായം, റെയിൽ അടക്കം ജനജീവിതത്തിന്റെ സമസ്ത തലങ്ങളിലും വേണ്ടതെല്ലാം നിർമിക്കുവാനും എത്തിച്ചുകൊടുക്കുവാനും പ്രാപ്തിയും ശേഷിയുമുള്ളവിധം പൊതുമേഖല വളർന്നു പന്തലിച്ചു.

ഒന്നാം പഞ്ചവൽസര പദ്ധതിയിൽ 25 കോടി രൂപ നീക്കിവച്ചുകൊണ്ടായിരുന്നു അതിബൃഹത്തായ ഇന്ത്യൻ പൊതുമേഖല പടുത്തുയർത്തിയതിന്റെ തുടക്കം. 1956ൽ 48 പൊതുമേഖല വ്യവസായങ്ങൾക്കായി 953 കോടി രൂപ നിക്കിവെച്ചു. തുടർന്ന് 3 പഞ്ചവത്സരപദ്ധതികളിലായി 255 സ്ഥാപനങ്ങളുടെ ശൃംഖലയായി അത് മാറി. പിന്നീടത് 300 കവിഞ്ഞു. ഇന്ത്യൻ പൊതുമേഖല ലോകത്ത് എവിടെയും കാണാത്തവിധം ബൃഹത്തും വ്യാപകവുമാണ്. ഇന്ത്യൻ റെയിൽവെ അതിന് മികച്ചൊരു ഉദാഹരണമാണ്.

ഒരു ജനതയുയുടെ ജീവിതസുരക്ഷയുടെയും അഭിലാഷങ്ങളുടെയും പ്രതീകമായി പൊതുമേഖല പരിവർത്തനപ്പെടുകയായിരുന്നു. ഒരു സംസ്കാരമായി പരിണമിക്കുകയായിരുന്നു. അതാണ് വകതിരിവില്ലാതെ ഇന്ന് വിറ്റുതീർത്തുകൊണ്ടിരിക്കുന്നത്. ഇന്ത്യൻപൊതുമേഖലയ്ക്ക് വേണ്ടിയുള്ള ആഗോളമുതലാളിമാരുടെ പരക്കംപാച്ചിലിനെ വെല്ലുന്ന ധൃതിയിലാണ് സർക്കാർ കച്ചവടമുറപ്പിക്കുന്നത്. പൊതുമേഖലയുടെ തിരോധാനം ഇന്ത്യയിലെ ഏതാനും അതിസമ്പന്നരൊഴികെയുള്ള ഓരോ പൗരന്റെയും വർത്തമാനത്തെയും ഭാവിയെയും തകർക്കും. അതുകൊണ്ട് തന്നെ പൊതുമേഖലയ്ക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ ഊർജിതമാക്കേണ്ടതുണ്ട്; വിജയിച്ചാലും ഇല്ലെങ്കിലും മൗനം പാലിച്ചാലുണ്ടാകുന്ന കുറ്റബോധത്തിൽനിന്നെങ്കിലും രക്ഷപ്പെടാമല്ലോ.

-സി.
mail@nerpatham.com

ജാലകം

# അതിജീവനം

**ലോ**ക്ഡൗണിന്നു മുമ്പൊരു ദിവസം സാമാന്യം ഭേദപ്പെട്ട ഒരു കുടുംബത്തിലെ നിക്കാഹിൽ പങ്കെടുത്തപ്പോൾ ഗൾഫിലെ ബിസിനസ്സുകാരനായ ഒരു സുഹൃത്തിനെ കണ്ടു. ഇതിൽ സംബന്ധിക്കാൻ വേണ്ടി മാത്രം നേരെ എയർപോർട്ടിലിറങ്ങി വരികയാണെന്നും സ്വന്തം വീട്ടിൽ കയറാൻ സമയമില്ലാത്തതിനാൽ ഉടൻ ഗൾഫിലേക്കു തന്നെ തിരിച്ചു പോവുകയാണെന്നും പറഞ്ഞപ്പോൾ പ്രത്യേകിച്ചൊന്നും തോന്നിയില്ല. ആഴ്ചയിൽ രണ്ടും മൂന്നും തവണ വന്നുപോകുന്ന ഇത്തരം വ്യക്തികൾ നാട്ടിൽ വേറെയുമുണ്ടല്ലോ. അഞ്ചാറു മാസമായി ഇപ്പോൾ അദ്ദേഹം നാട്ടിൽ വന്നിട്ട്. ഇപ്രകാരം എസ്‌കോർട്ടു വണ്ടികളുടെ അകമ്പടിയോടെ നാടുനീളെ പകലന്തിയോളം ഓടിനടക്കുന്ന നേതാക്കന്മാർ പലരും അധികസമയവും വീട്ടിലിരിപ്പാണ്. പണവും പ്രതാപവും സ്ഥാനമാനങ്ങളും ഇല്ലാഞ്ഞിട്ടല്ല ഈ മഹാവ്യാധി വന്നുപെട്ടുപോകുമോ എന്നതാണ് പേടി. കോവിഡിന്റെ ഭയപ്പാട് മനസ്സിലുണ്ടെങ്കിലും ആഗസ്റ്റിൽ പ്രതീക്ഷിച്ച പ്രളയം ഉണ്ടായില്ലല്ലോ എന്നതിനാൽ ആശ്വസിക്കുന്നവരും ഏറെയുണ്ട്. പല സ്‌കൂളുകളിൽ നിന്നായി ആവശ്യത്തിലധികം അരിയും പലവ്യഞ്ജന കിറ്റുകളും കിട്ടിയിട്ട് തിന്നാൻ വേണ്ടാതായിരിക്കുകയാണ് പലർക്കും. ഇതിനാൽ പട്ടിണിയില്ലെങ്കിലും നാട്ടിൽ ആശങ്കക്കുറുതിയില്ല. തിന്നുകുടിച്ചാൽ പോരല്ലോ, മനസ്സിനൊരു സുഖംവേണ്ടേ?!

ഈയൊരു സാഹചര്യത്തിൽ, നബിﷺയുടെ ഒരു വചനം നാം വായിക്കുക: "നിങ്ങളിലാരെങ്കിലും കുടുംബത്തിൽ നിർഭയരായി നേരംപുലർന്നാൽ, അത്യാവശ്യത്തിന്ന് ശാരീരികാരോഗ്യവും അന്നന്നേക്കുള്ള ആഹാരവും കൂടിയുണ്ടായാൽ ഭൗതികസുഖം മുഴുവനും നേടിയപോലെയാണവൻ." ഭൗതിക സുഖം എന്ന പദത്തെ എത്ര അർഥവത്തായിട്ടാണ് നബിﷺ ഇതിൽ വിലയിരുത്തിയത്!

വരുമാനത്തിൽ കുറവുവരാതിരിക്കാൻ കട്ടും കവർന്നും കൈക്കൂലിവാങ്ങിയും കൃത്രിമം ചെയ്തും മനുഷ്യൻ സമ്പാദിക്കുന്നത് തനിക്കും മക്കൾക്കും സുഖമായി കഴിഞ്ഞുകൂടാനാണ്. മതവും ഭക്തിയും പൊക്കിപ്പിടിച്ച് നടക്കുന്ന പലരും പാവങ്ങൾക്കു കൈമാറേണ്ട സകാത്ത് കൊടുക്കാതെയും, കഷ്ടപ്പെടുന്ന സാധുക്കളുടെ ദാരിദ്ര്യം കണ്ടില്ലെന്ന് നടിച്ച് തനിക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ പൂഴ്ത്തിവെച്ചും കഴിയുന്നതും തനിക്കും കുടുംബത്തിന്നും സുഖമായി ജീവിക്കണം എന്ന വിചാരംകൊണ്ടുതന്നെയാണ്.


എന്നാൽ ഇതൊന്നുമല്ല ജീവിത സുഖമെന്നും, സുഖസൗഖ്യത്തിന്റെ മാനദണ്ഡം വേറെയാണെന്നും നാം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. ഇറ്റലിയിൽ കൊറോണയുണ്ടെന്ന് കേട്ടപ്പോഴേക്കും തടികേടാവുമെന്ന് പേടിച്ച് വായും മൂക്കും കെട്ടി അഞ്ചുനേരം കയ്യും മുഖവും കഴുകി കരുതിയിരുന്ന നാം, ആ സാധനം നമ്മുടെ മൂക്കിന്നു മുന്നിൽ, സ്വന്തം മുറ്റത്തെത്തിയപ്പോൾ ഇനിയെന്തൊക്കെ മൂടിക്കെട്ടണമെന്നറിയാതെ അന്തിച്ചുനിൽക്കുകയാണ്. ഇവിടെ ചില യാഥാർഥ്യങ്ങൾ നാം തിരിച്ചറിയണം. ജീവിതത്തിൽ മനുഷ്യൻ കൂട്ടുന്ന കണക്കുകൾ തെറ്റും. എല്ലാം സൃഷ്ടിച്ചു നിയന്ത്രിക്കുന്ന അല്ലാഹുവിന്റെ കണക്കാണ് ശരി. അതിന്നു മനുഷ്യൻ വഴങ്ങിയേതീരൂ.

മനുഷ്യൻ എത്രയോ ദുർബലനാണെന്ന യാഥാർഥ്യം ഈ ദുരന്തകാലത്ത് കൂടുതൽ തെളിഞ്ഞു വരികയാണ്. കിട്ടുന്ന മുഴുവൻ ശക്തിയും സംഭരിച്ച് ഈ ദൗർബല്യത്തെ അതിജീവിക്കുകയാണ് ബുദ്ധിയുള്ള നിലപാട്. ഈ അതിജീവന ശക്തി അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം ക്രമീകരിക്കുന്നതുവഴി മാത്രമെ നേടാനാവൂ. നല്ല മനസ്സോടെ കൂടുതൽ നന്മചെയ്തുകൊണ്ടു മാത്രമെ ഇത് സാധിക്കുകയുള്ളൂ. അബ്ദുല്ലാഹിബ്നു മസ്ഊദ്ؓ ഇങ്ങനെ പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്: "നല്ലതൊന്നും പ്രവർത്തിക്കാതെ, ഒരു സൂര്യാസ്തമയം കഴിഞ്ഞ് എന്റെ ഒരു ദിവസത്തെ ആയുസ്സുകൂടി കുറയുന്നതിനെക്കാൾ ഖേദം എനിക്ക് മറ്റൊരു വിഷയത്തിലും തോന്നിയിട്ടില്ല."

കുറച്ചൊക്കെ സമൃദ്ധിയും അഹങ്കാരവും അശ്രദ്ധയും ആർഭാഢാസക്തിയുമെല്ലാം കൂടി അതിരു വിട്ടപ്പോൾ ഒരു പിടിച്ചുകെട്ടൽ അനിവാര്യമായിരുന്നു. അതായിരിക്കാം ഈ ലോക്ഡൗൺ കാലം. ഓരോ സൂര്യനും അസ്തമിക്കുമ്പോൾ നമുക്കു തോന്നും നാളേക്ക് ശരിയാക്കാമെന്ന്. എന്നാൽ നമ്മുടെ ഒരു ദിവസത്തെ വിലപ്പെട്ട ആയുസ്സാണ് അസ്തമിക്കുന്നതെന്ന് നാം മറക്കരുത്. സ്വന്തത്തിന്നും കുടുംബത്തിന്നും സമൂഹത്തിന്നും നാടിന്നും തന്നാലാവുന്ന നല്ല കാര്യങ്ങളെന്തെങ്കിലും ചെയ്താൽ ഖേദിക്കേണ്ടി വരില്ല. 'ജീവിതകാലം നീളും തോറും നന്മകൾ വർധിപ്പിക്കാനുള്ള അവസരമാക്കേണമേ' എന്ന് നബിﷺ എപ്പോഴും പ്രാർഥിക്കാറുണ്ടായിരുന്നു.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ലേഖനം



# ഗ്രന്ഥച്ചുമടേറ്റിയ കഴുത

മനുഷ്യൻ ക്വുർആനിൽ 9

"തൗറാത്ത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ (യഹൂദരുടെ) ഉദാഹരണം ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടേത് പോലെയാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുകളഞ്ഞ ജനങ്ങളുടെ ഉപമ എത്രയോ ചീത്ത! അക്രമികളായ ജനങ്ങളെ അല്ലാഹു സൻമാർഗത്തിലാക്കുകയില്ല" (ക്വുർആൻ 62:5).

മുൻകഴിഞ്ഞ ഒരു വേദഗ്രന്ഥത്തിന്റെ അനുയായികളെ പേരെടുത്തു പറഞ്ഞുകൊണ്ട് ഈ ഉപമ വിവരിക്കുന്നത് ക്വുർആൻ എന്ന വേദഗ്രന്ഥത്തിന്റെ അനുയായികളോടാണ്. വേദഗ്രന്ഥം അല്ലാഹു അവതരിപ്പിച്ചത് അതിന്റെ സന്ദേശങ്ങൾ പഠിച്ചു ജീവിക്കാനാണ്. ക്വുർആനിന്റെ പ്രഥമ സന്ദേശംതന്നെ വായിക്കുക എന്നാണല്ലോ. ക്വുർആനിന്റെ ആളായി അഭിനയിക്കുകയും എന്നാൽ ക്വുർആൻ പഠിക്കാതെയും അതിലുള്ളത് എന്താണെന്നറിയാതെയും ജീവിക്കുന്നവന് ചേരുന്ന വിശേഷണം ഗ്രന്ഥം ചുമക്കുന്ന കഴുത എന്നതു തന്നെയാണ്. ക്വുർആനിന്റെ ഉദ്ബോധനത്തെ അവഗണിക്കുന്നവരെ സമാനമായ ഉപമയിൽ അല്ലാഹു ആക്ഷേപിച്ചത് കാണുക:

"എന്നിരിക്കെ അവർക്കെന്തു പറ്റി? അവർ ഉൽബോധനത്തിൽനിന്ന് തിരിഞ്ഞുകളയുന്നവരായിരിക്കുന്നു. അവർ വിറളിപിടിച്ച കഴുതകളെപ്പോലിരിക്കുന്നു. സിംഹത്തിൽ നിന്ന് ഓടിരക്ഷപ്പെടുന്ന (കഴുതകൾ)" (ക്വുർആൻ 74:49-51).

കഴുതയെപ്പോലെ എന്ന് പറഞ്ഞ് അല്ലാഹു തന്നെ ആക്ഷേപിച്ചത് വേദഗ്രന്ഥത്തെയും അതിലെ ഉപദേശങ്ങളെയും പഠിച്ചു ഗ്രഹിച്ച് ജീവിക്കാത്തവരെയാണല്ലോ. ഇത്രയും കഠിനമായ ഭാഷയിൽ ആക്ഷേപിക്കപ്പെട്ട വിഭാഗത്തിന് എങ്ങനെയാണ് മഹാന്മാരായ പ്രവാചകന്മാരും സദ്‌വൃത്തരും പ്രവേശിപ്പിക്കപ്പെടുന്ന സ്വർഗത്തിൽ പ്രവേശിക്കാനാവുക എന്ന് നാമോർക്കണം. ക്വുർആൻ പഠിക്കാനും പാരായണം ചെയ്യാനും പ്രവർത്തിക്കാനും നാം ശ്രമിച്ചേ തീരൂ.

### കൈവിരൽകടിച്ച കൗശലക്കാർ

"ആ തോട്ടക്കാരെ നാം പരീക്ഷിച്ചതു പോലെ തീർച്ചയായും അവരെയും നാം പരീക്ഷിച്ചിരിക്കുകയാണ്. പ്രഭാതവേളയിൽ ആ തോട്ടത്തിലെ പഴങ്ങൾ അവർ പറിച്ചെടുക്കുമെന്ന് അവർ സത്യം ചെയ്ത സന്ദർഭം. അവർ (യാതൊന്നും) ഒഴിവാക്കി പറഞ്ഞിരുന്നില്ല. എന്നിട്ട് അവർ ഉറങ്ങിക്കൊണ്ടിരിക്കെ നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു ശിക്ഷ ആ തോട്ടത്തെ ബാധിച്ചു. അങ്ങനെ അത് മുറിച്ചെടുക്കപ്പെട്ടത് പോലെ ആയിത്തീർന്നു. അങ്ങനെ പ്രഭാതവേളയിൽ അവർ പരസ്പരം വിളിച്ചുപറഞ്ഞു: നിങ്ങൾ പറിച്ചെടുക്കാൻ പോകുകയാണെങ്കിൽ നിങ്ങളുടെ കൃഷിസ്ഥലത്തേക്ക് നിങ്ങൾ കാലത്തുതന്നെ പുറപ്പെടുക. അവർ അന്യോന്യം മന്ത്രിച്ചുകൊണ്ടു പോയി. ഇന്ന് ആ തോട്ടത്തിൽ നിങ്ങളുടെ അടുത്ത് ഒരു സാധുവും കടന്നുവരാൻ ഇടയാവരുത് എന്ന്. അവർ (സാധുക്കളെ) തടസ്സപ്പെടുത്താൻ കഴിവുള്ളവരായിക്കൊണ്ടു തന്നെ കാലത്ത് പുറപ്പെടുകയും ചെയ്തു. അങ്ങനെ അത് (തോട്ടം) കണ്ടപ്പോൾ അവർ പറഞ്ഞു: തീർച്ചയായും നാം പിഴവുപറ്റിയവരാകുന്നു. അല്ല, നാം നഷ്ടം നേരിട്ടവരാകുന്നു. അവരുടെ കൂട്ടത്തിൽ മധ്യനിലപാടുകാരനായ ഒരാൾ പറഞ്ഞു: ഞാൻ നിങ്ങളോട് പറഞ്ഞില്ലേ; എന്താണ് നിങ്ങൾ അല്ലാഹുവെ പ്രകീർത്തിക്കാതിരുന്നത്? അവർ പറഞ്ഞു: നമ്മുടെ രക്ഷിതാവ് എത്രയോ പരിശുദ്ധൻ! തീർച്ചയായും നാം അക്രമികളായിരിക്കുന്നു. അങ്ങനെ പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ട് അവരിൽ ചിലർ ചിലരുടെ നേർക്ക് തിരിഞ്ഞു. അവർ പറഞ്ഞു: നമ്മുടെ നാശമേ! തീർച്ചയായും നാം അതിക്രമകാരികളായിരിക്കുന്നു. നമ്മുടെ രക്ഷിതാവ് അതിനെക്കാൾ ഉത്തമമായത് നമുക്ക് പകരം തന്നേക്കാം. തീർച്ചയായും നാം നമ്മുടെ രക്ഷിതാവിങ്കലേക്ക് ആഗ്രഹിച്ചുചെല്ലുന്നവരാകുന്നു. അപ്രകാരമാകുന്നു ശിക്ഷ. പരലോകശിക്ഷയാവട്ടെ കൂടുതൽ ഗൗരവമുള്ളതാകുന്നു. അവർ അറിഞ്ഞിരുന്നെങ്കിൽ!" (ക്വുർആൻ 68:17-33).

സമ്പത്തും സൗകര്യങ്ങളും തികഞ്ഞാൽ, അതെല്ലാം നൽകി അനുഗ്രഹിച്ച അല്ലാഹുവിനെ മറക്കുക, പാവപ്പെട്ടവരുടെ അവകാശങ്ങൾ അവഗണിക്കുക എന്നീ സ്വഭാവങ്ങൾ മനുഷ്യർ സാധാരണ പ്രകടിപ്പിക്കാറുണ്ട്. ഇത് തന്നവന്നു തന്നെ തിരിച്ചെടുക്കാനും കഴിയുമെന്ന് സുഖഭോഗങ്ങൾക്കിടയിൽ പലരും ഓർക്കാറില്ല. ഇത്തരം മനുഷ്യരെയാണ് ഇവിടെ പരാമർശിക്കുന്നത്. ദരിദ്രന്മാർ ഉണർന്നെഴുന്നേൽക്കുന്നതിന്നു മുമ്പ് തോട്ടത്തിലെ പഴങ്ങൾ പറിച്ച് അതുംകൊണ്ട് മടങ്ങാൻ വിചാരിച്ച ഉടമകൾ കണ്ടത് തലേന്ന് രാത്രിതന്നെ തോട്ടം നശിച്ചുപോയതാണ്. അപ്പോഴാണവർക്ക് വിവേകം തിരിച്ചുകിട്ടിയത്.

അല്ലാഹു നൽകിയ അനുഗ്രഹം ആർത്തിപൂണ്ട് പിടിച്ചുവെക്കുന്നവർക്ക് ഈ തോട്ടക്കാരുടെ അനുഭവം നല്ല പാഠമാണ്. ഏതൊരു സാധാരണ മനുഷ്യന്നും തന്റെ ജീവിത സാഹചര്യങ്ങളിൽനിന്നും പരിസ്ഥിതിയിൽനിന്നും നേരിട്ടനുഭവപ്പെടുന്ന, പ്രകൃതിയെ ചുറ്റിപ്പറ്റിക്കൊണ്ടുള്ള ഉപമകളാണ് ക്വുർആൻ വിവരിച്ചത്. കാറ്റ്, മഴ, വെള്ളം, ഇടി, മിന്നൽ, മല, നീരൊഴുക്ക്, ചെടികൾ, മരങ്ങൾ, കായ്കനികൾ, ചെറുതും വലുതുമായ ജീവജാലങ്ങൾ തുടങ്ങിയവയിലാണ് ഈ ഉപമകൾ കേന്ദ്രീകരിച്ചിട്ടുള്ളത്. വിവേകമുള്ളവർക്ക് തിരിച്ചറിയാൻ ഇവ ഏറെ പര്യാപ്തവുമാണ്.

### മനുഷ്യൻ വിചാരണക്ക് വിധേയൻ

ഈ ജീവിതം അവസാനിക്കുന്നില്ലെന്നും ഇവിടെ ചെയ്യുന്ന നന്മതിന്മകൾക്കനുസരിച്ച് രക്ഷയും ശിക്ഷയും നൽകപ്പെടുന്ന മറ്റൊരു ജീവിതം (പരലോകജീവിതം) മരണശേഷം വരാനിരിക്കുന്നുണ്ടെന്നും ക്വുർആൻ മനുഷ്യനെ ഓർമിപ്പിക്കുന്നു. ഒരു ജീവിതകാലം മുഴുവനും നന്മപ്രവർത്തിച്ചു മരിച്ചുപോയവർക്ക് തങ്ങളുടെ കർമഫലം കിട്ടാതെപോകരുതെന്നതും ഒരു മഹാദ്രോഹി ദുഷ്‌കർമത്തിന്റെ ശിക്ഷ അനുഭവിക്കണമെന്നതും സാമാന്യബുദ്ധിയുടെ തേട്ടമാണ്. ക്വുർആൻ പറയുന്നു:

"അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും" (ക്വുർആൻ 99:7-8).

പരമകാരുണികനായ അല്ലാഹുവിന്റെ നീതിനടപ്പാക്കൽ മാത്രമാണ് പരലോകം. പരലോകശിക്ഷയിൽ നിന്ന് മനുഷ്യനെ ഏതുവിധേനയും രക്ഷപ്പെടുത്തണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. അതിന്നുവേണ്ടിയാണ് സന്മാർഗം ഉപദേശിക്കാൻ പ്രവാചകന്മാരെ നിയോഗിച്ചത്. വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചത്. അവസാന വേദമായ ക്വുർആൻ അന്ത്യദിനംവരെ സംരക്ഷിക്കുമെന്ന് ഉറപ്പുതന്നത്. നബിമാരുടെ സാരോപദേശങ്ങൾ സത്യപ്പെടുത്തുന്ന അമാനുഷിക ദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നത്.

കാരുണ്യവും ദയയുമായി ബന്ധപ്പെട്ട ഒട്ടേറെ നാമവിശേഷണങ്ങൾ അല്ലാഹുവിന്നുണ്ട്. പാപം ചെയ്യുന്ന മനുഷ്യനെ ശിക്ഷിക്കാനല്ല, മറിച്ച് അവന്റെ പാപങ്ങൾ പൊറുത്തുകൊടുക്കാനാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്.

"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (ക്വുർആൻ 39:53).

ഏതൊരു സൽകർമത്തിന്നും പ്രതിഫലം പത്തിരട്ടിയും, ആത്മാർഥതക്കനുസരിച്ച് അതിലധികവും അല്ലാഹുവർധിപ്പിച്ചുകൊടുക്കുമെന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്. ഒരു സൽപ്രവൃത്തി ചെയ്യാൻ വിചാരിക്കുന്നതിന്നുപോലും പ്രതിഫലമുണ്ട്. ചെയ്താൽ പ്രതിഫലം ഇരട്ടിപ്പിക്കുകയും ചെയ്യും. എന്നാൽ തിന്മ ചെയ്യാൻ വിചാരിച്ചാൽ ശിക്ഷയില്ല. ചെയ്താൽ മാത്രം അതിന്നനുസരിച്ച് ശിക്ഷ നൽകും. അഥവാ പശ്ചാത്തപിച്ചു മടങ്ങിയാൽ രക്ഷപ്പെടുകയും ചെയ്യും. ഇതാണ് അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നബിﷺ പഠിപ്പിച്ചത്. അതിനാൽ പരലോകം എന്നത് അല്ലാഹുവിന്റെ കാരുണ്യത്തെ മനുഷ്യന്ന് വെളിപ്പെടുത്തുന്ന, നീതി നടപ്പാക്കുന്ന സ്ഥലമാണ്.

"തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു. (നബിയേ,) പറയുക: അതെ; എന്റെ രക്ഷിതാവിനെ തന്നെയാണ, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു" (ക്വുർആൻ 64:7).

"ഉയിർത്തെഴുന്നേൽപിന്റെ നാളുകൊണ്ട് ഞാനിതാ സത്യംചെയ്യുന്നു. കുറ്റപ്പെടുത്തുന്ന മനസ്സിനെക്കൊണ്ടും ഞാൻ സത്യംചെയ്തു പറയുന്നു. മനുഷ്യൻ വിചാരിക്കുന്നുണ്ടോ; നാം അവന്റെ എല്ലുകളെ ഒരുമിച്ചുകൂട്ടുകയില്ലെന്ന്? അതെ, നാം അവന്റെ വിരൽത്തുമ്പുകളെ പോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ" (ക്വുർആൻ 75:1-4).

## രക്ഷപ്പെടാൻ മനുഷ്യന്ന് വഴിയുണ്ട്

ആദ്യത്തെ മനുഷ്യനായ ആദം നബിﷺയുടെ സൃഷ്ടിപ്പും അതുമായി ബന്ധപ്പെട്ട സംഭവങ്ങളും അല്ലാഹു വിവരിച്ചുതന്നപ്പോൾ, മനുഷ്യൻ വഴിപിഴക്കാനുള്ള സാഹചര്യത്തെയും, പിഴപ്പിക്കുന്ന പിശാചിനെയും പറ്റി വിവരിച്ചത് കാണാം. ഈ ശത്രുവിന്റെ സാന്നിധ്യം മനുഷ്യനുള്ള കാലത്തോളം നിലനിൽക്കുമെന്നും അതിൽനിന്ന് രക്ഷപ്പെട്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള ഒരേയൊരു വഴി പശ്ചാത്താപമാണെന്നും ആദ്യസൃഷ്ടിയുടെ ചരിത്രത്തോടൊപ്പം ക്വുർആൻ വിവരിച്ചിട്ടുണ്ട്.

"അനന്തരം ആദം തന്റെ രക്ഷിതാവിങ്കൽനിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 2:37).


"തീർച്ചയായും പരിശുദ്ധി നേടിയവർ വിജയം പ്രാപിച്ചു. തന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കരിക്കുകയും (ചെയ്തവൻ)" (ക്വുർആൻ 87:14-15).

"അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ" (ക്വുർആൻ 26:88-89).

"തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് അവനെ നാം അധമരിൽ അധമനാക്കിത്തീർത്തു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. എന്നാൽ അവർക്കാകട്ടെ മുറിഞ്ഞുപോകാത്ത പ്രതിഫലമുണ്ടായിരിക്കും. എന്നിരിക്കെ ഇതിന് ശേഷം പരലോകത്തെ പ്രതിഫലനടപടിയുടെ കാര്യത്തിൽ (നബിയേ,) നിന്നെ നിഷേധിച്ചുതള്ളാൻ എന്തു ന്യായമാണുള്ളത്? അല്ലാഹു വിധികർത്താക്കളിൽവെച്ചു ഏറ്റവുംവലിയ വിധികർത്താവല്ലയോ?" (ക്വുർആൻ 95:4-8). **(അവസാനിച്ചു)**

ഡോ. ജൗസൽ
jauzalcp@gmail.com

കവർ സ്റ്റോറി



# ജലചംക്രമണത്തിലെ ദൈവിക ദൃഷ്ടാന്തം

**ജീവന്റെ ആധാരമായാണ് ജലത്തെ പ്രമാണങ്ങൾ പരിചയപ്പെടുത്തുന്നത്. ജലം നശിച്ചുപോവുകയോ ഇല്ലാതാവുകയോ ചെയ്യുന്നില്ല. വെള്ളം, മഞ്ഞ്, നീരാവി എന്നീ മൂന്നവസ്ഥകളിലായാണ് അല്ലാഹു ജലത്തെ മനുഷ്യന് ഉപയുക്തമായ രീതിയിൽ ക്രമീകരിച്ചിരിക്കുന്നത്. ചാക്രികമായ ഈ പരിണാമക്രമത്തെ ചിട്ടപ്പെടുത്തിയത് എങ്ങനെയാണെന്നും എന്തിനാണെന്നും അതിന്റെ സ്രഷ്ടാവായ അല്ലാഹു ക്വുർആനിലൂടെ വിശദീകരിക്കുന്നുണ്ട്. ശാസ്ത്രം അന്ധകാരത്തിലായിരുന്നപ്പോഴും ഇപ്പോഴും പ്രശോഭിതമായ ആ ദൈവിക വചനങ്ങളിലൂടെ ഒരു യാത്ര.**

അനാദികാലം മുതൽ ഭൂമിയിലെ ജലം അതിന്റെ മൂന്നു അവസ്ഥകളായ മഞ്ഞ്, ജലം, നീരാവി എന്നീ അവസ്ഥകളിലൂടെ തുടർച്ചയായി രൂപഭേദം ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രക്രിയക്കാണ് 'ജലചംക്രമണം' (Water Cycle) അല്ലെങ്കിൽ 'ജലചക്രം' എന്നു പറയുന്നത്. ഇത് ചാക്രികമാകയാൽ ഇതിനു ആദിയും അന്ത്യവുമില്ല.

അഥവാ ഭൂമിയിൽ വെള്ളവും അന്തരീക്ഷവും ഉണ്ടായതു മുതൽ വെള്ളം നശിച്ചുപോകുന്നില്ല. വെള്ളം അതിന്റെ 3 ഭൗതിക അവസ്ഥകളിൽ മാറിമാറി സ്ഥിതിചെയ്യുന്നു. ധ്രുവപ്രദേശങ്ങളിലും വലിയ പർവതനിരകളിലുമൊക്കെ ഐസ് അഥവാ മഞ്ഞു രൂപത്തിലും കടലിലും മറ്റു ജലാശയങ്ങളിലും കുളങ്ങളിലും കിണറിലുമൊക്കെ ജലരൂപത്തിലും അന്തരീക്ഷത്തിൽ നീരാവി രൂപത്തിലും മേഘരൂപത്തിലുമൊക്കെ ആയിക്കൊണ്ട് വെള്ളം ചാക്രികമായി രൂപംമാറിക്കൊണ്ടിരിക്കുന്നു.

ഭൂമിയിൽ ആവാസ വ്യവസ്ഥയിലെ പരസ്പര ബന്ധിത പ്രവർത്തനങ്ങളിലൊന്നാണ് ജലചക്രം. സമുദ്രത്തിൽ നിന്നും മഞ്ഞുപാളികളിൽനിന്നും ചെടികളിൽനിന്നും മറ്റു ജീവജാലങ്ങളിൽനിന്നും സൂര്യതാപത്താൽ ആവിയാകുന്ന ജലം മുകളിലെ തണുത്ത അന്തരീക്ഷത്തിൽ എത്തുമ്പോൾ മേഘമായി മാറുന്നു. ഈ മേഘങ്ങൾ കാറ്റിന്റെ ഗതിക്കനുസരിച്ചു സഞ്ചരിക്കുകയും അനുകൂല സാഹചര്യങ്ങളിൽ മഴയായും മഞ്ഞായും തിരിച്ചു ഭൂമിയിലേക്കു പതിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഭൂമിയിൽ പതിക്കുന്ന ജലത്തിന്റെ ഒരു ഭാഗം ഭൂമിയിൽ കിനിഞ്ഞിറങ്ങി ഭൂഗർഭജലത്തിന്റെ ഭാഗമാകുന്നു. മറ്റൊരുഭാഗം സസ്യജാലങ്ങൾ വലിച്ചെടുക്കുന്നു. ഇത് പിന്നീട് ഇലകളിൽനിന്ന് ബാഷ്പീകരിക്കപ്പെട്ട് അന്തരീക്ഷത്തിൽ തിരിച്ചെത്തുന്നു. മഴവെള്ളത്തിന്റെ മറ്റൊരു ഭാഗം ഭൂമിയുടെ ഉപരിതലത്തിലൂടെ, നദികളിലൂടെ, ഒഴുകി സമുദ്രത്തിൽ എത്തിച്ചേരുന്നു. ഈ പ്രക്രിയ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. പ്രകൃതിയിൽ സ്വാഭാവികമായി നടക്കുന്ന ജലശുദ്ധീകരണപ്രക്രിയ കൂടിയാണിത്.

ഭൂമിക്കടിയിൽ ഭൂഗർഭജലം എങ്ങനെയാണ് ഉണ്ടാകുന്നത്, നദികളിലും തടാകങ്ങളിലുമൊക്കെ എങ്ങനെയാണ് ശുദ്ധജലം ഉണ്ടാകുന്നത് എന്നതിനെപ്പറ്റി പതിനാറാം നൂറ്റാണ്ടുവരെ ശാസ്ത്രലോകത്തിന് വലിയ ധാരണകൾ ഒന്നുമുണ്ടായിരുന്നില്ല. ബർണാഡ് പാലിസി Bernard Palissy എന്ന ശാസ്ത്രജ്ഞനാണ് പതിനാറാം നൂറ്റാണ്ടിൽ, മഴവെള്ളംകൊണ്ടാണ് നദികളിലും മറ്റു ജലാശയങ്ങളിലുമൊക്കെ വെള്ളം ഉണ്ടാകുന്നത് എന്ന് പ്രസ്താവിക്കുന്നത്. ബർണാഡ് പാലിസിയെ ആണ് discoverer of modern theory of water cycle ആയി പരിഗണിക്കുന്നത്. Pierre Perrault എന്ന ശാസ്ത്രജ്ഞൻ എഡി 1674ലാണ് പാലിസിയുടെ വാട്ടർ സൈക്കിൾ തിയറി ശാസ്ത്രീയ പഠനങ്ങളിലൂടെ തെളിയിക്കുന്നത്.

### ജല ചംക്രമണത്തിന്റെ ചരിത്രം

പുരാതനകാലത്ത് പൊതുവെ ജനങ്ങൾ വിശ്വസിച്ചിരുന്നത് ഭൂമിയിലെ കരഭാഗങ്ങൾ മുഴുവൻ ഭൂമിക്കുള്ളിലുള്ള ഒരു വലിയ ജലാശയത്തിനു മേലെ ഒഴുകിക്കൊണ്ടിരിക്കുകയാണ് എന്നായിരുന്നു. Floating land mass theory എന്നാണ് ഇത് അറിയപ്പെടുന്നത്. ഹോമറുടെ കൃതികളിലെല്ലാം ഇതിനുള്ള തെളിവുകൾ കാണാം.

യൂറോപ്പിലുണ്ടായ നവോത്ഥാന കാലഘട്ടംവരേക്കും പൊതുവെ കരുതപ്പെട്ടിരുന്നത് നദികളും ജലാശയങ്ങളും നിറക്കുവാനോ ജലചംക്രമണം പൂർത്തിയാക്കുവാനോ മഴവെള്ളം മാത്രം മതിയാകുന്നതല്ല എന്നായിരുന്നു. സമുദ്രങ്ങളിൽനിന്നും ഭൂമിക്കടിയിലൂടെ വെള്ളം തള്ളിവന്നുകൊണ്ടാണ് നദികളിൽ വെള്ളം ഉണ്ടാകുന്നത് എന്നായിരുന്നു പൊതുവിൽ വിശ്വസിക്കപ്പെട്ടിരുന്നത്. അഥവാ കടലിലെ വെള്ളം ഭൂമിക്കടിയിലൂടെ സഞ്ചരിച്ച് ശുദ്ധീകരിക്കപ്പെട്ട് അതിലെ ഉപ്പുരസം മാറി നദികളിലേക്ക് എത്തുന്നു. ഇംഗ്ലണ്ടിലെ ബർത്തലോമിയോ, ലിയാനാർഡോ ഡാവിഞ്ചി, അത്തനേസിയസ് കിർഷേർ തുടങ്ങിയ പ്രമുഖ ചിന്തകരെല്ലാം ഈ ഒരു വാദക്കാരായിരുന്നു

മഴവെള്ളം മാത്രമാണ് നദികളിൽ വെള്ളം നിലനിർത്തുന്നത് എന്ന് ആദ്യമായി സിദ്ധാന്തിച്ചത് 1580കളിൽ ബർണാഡ് പാലിസി എന്ന ചിന്തകനാണ്. ആധുനിക ജലചംക്രമണസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായി പാലിസിയെ പരിഗണിക്കുന്നു. ജലചംക്രമണത്തെ സംബന്ധിച്ച പാലിസിയുടെ ഈ സിദ്ധാന്തങ്ങളെ 1674 വരെ ശാസ്ത്രീയമായി ആരും പരിശോധിച്ചില്ല. Pierre Perrault എന്ന ശാസ്ത്രജ്ഞനാണ് 1674ൽ ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെ ആദ്യമായി ഇത് പരീക്ഷിക്കുന്നത്. എന്നാൽ അതിനുശേഷം പത്തൊമ്പതാം നൂറ്റാണ്ടുവരേക്കും ഈയൊരു സിദ്ധാന്തത്തിന് ശാസ്ത്രലോകത്തിൽ വലിയ ഒരു അംഗീകാരം ലഭിച്ചിരുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടിൽ മാത്രമാണ് ശാസ്ത്രലോകത്ത് ഈയൊരു സിദ്ധാന്തത്തിന് പൊതു അംഗീകാരം കിട്ടുന്നത്.

> **യൂറോപ്പിലുണ്ടായ നവോത്ഥാന കാലഘട്ടംവരേക്കും പൊതുവെ കരുതപ്പെട്ടിരുന്നത് നദികളും ജലാശയങ്ങളും നിറക്കുവാനോ ജലചംക്രമണം പൂർത്തിയാക്കുവാനോ മഴവെള്ളം മാത്രം മതിയാകുന്നതല്ല എന്നായിരുന്നു. അശാസ്ത്രീയമായ അബദ്ധധാരണകൾ മാത്രം നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ അത്തരത്തിലുള്ള ഒരു അബദ്ധ പരാമർശം പോലും ക്വുർആനിൽ കാണാൻ സാധിക്കുകയില്ല എന്നുമാത്രമല്ല, ജലചംക്രമണത്തെ സംബന്ധിച്ച് കൃത്യമായ വിവരണങ്ങൾ ക്വുർആനിലെ വ്യത്യസ്തങ്ങളായ വചനങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കുന്നു!**

Pierre Perrault തന്റെ പ്രസിദ്ധ ഗ്രന്ഥമായ On the Origin of Springs പ്രസിദ്ധീകരിക്കുന്നതിനു മുമ്പുള്ള സഹസ്രാബ്ദങ്ങളിൽ പ്രകൃതി സൈദ്ധാന്തികർ കരുതിയിരുന്നത് മഴവെള്ളം കൊണ്ടുമാത്രം പുഴകളും ഭൂഗർഭജല ഉറവകളും ഒരിക്കലും നിറയുകയില്ല എന്നതായിരുന്നു. അരിസ്റ്റോട്ടിൽ അവകാശപ്പെട്ടിരുന്നത് ഭൂമിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ചില മാളങ്ങളിൽ, അല്ലെങ്കിൽ ഗുഹകളിൽ വായു വെള്ളമായി മാറ്റപ്പെടുന്നു, ആ വെള്ളമാണ് ഭൂഗർഭജല സ്രോതസ്സ് എന്നായിരുന്നു. എന്നാൽ മറ്റു പലരും വാദിച്ചത് സമുദ്രങ്ങളിൽനിന്നും ചില തുരങ്ക മാർഗങ്ങളിലൂടെ ഭൂമിക്ക് ഉള്ളിലെത്തുന്ന വെള്ളം അവിടെനിന്നും നീരാവിയായി ആ നീരാവി ഭൂമിക്കുള്ളിൽ നിന്നുമുയർന്ന് പൊങ്ങി ഭൂമിക്കുള്ളിൽ തന്നെയുള്ള ചില ഇടങ്ങളിൽവച്ച് ഘനീഭവിച്ച് വെള്ളം ആവുകയും ആ വെള്ളം നീരുറവകൾ ആയി മാറുകയും ചെയ്യുന്നു എന്നായിരുന്നു.

കൃത്യമായി പറഞ്ഞാൽ ഭൂമിക്കടിയിൽ എങ്ങനെ നീരുറവകൾ ഉണ്ടാകുന്നു, നദികളിലും ജലാശയങ്ങളിലുമൊക്കെ എങ്ങനെയാണ് വെള്ളം നിറയുന്നത്, നമ്മൾ ഒരു കിണർ കുഴിച്ചാൽ അതിൽ ഉണ്ടാകുന്ന വെള്ളം അഥവാ നീരുറവകളിലൂടെ കിണറിലും മറ്റും നിറയുന്ന വെള്ളം ഇത് എവിടെനിന്നു വരുന്നു എന്നതിനെപ്പറ്റിയെല്ലാം പത്തൊമ്പതാം നൂറ്റാണ്ടുവരെയും ശാസ്ത്രലോകത്തിന് ഒരുപാട് അശാസ്ത്രീയമായ അബദ്ധധാരണകൾ ആയിരുന്നു ഉണ്ടായിരുന്നത്.

എന്നിരിക്കെ ഏഴാം നൂറ്റാണ്ടിൽ; അക്ഷരാഭ്യാസമില്ലാത്ത, ശാസ്ത്രബോധമില്ലാത്ത, അപരിഷ്കൃതർ ആയിരുന്ന അറബികൾക്കിടയിൽ ജീവിച്ച നിരക്ഷരനായ മുഹമ്മദ് നബിﷺക്ക് ഇത്തരം വിഷയങ്ങളെപ്പറ്റി അവഗാഹം ഉണ്ടായിരിക്കും എന്നു കരുതാൻ യാതൊരു നിർവാഹവുമില്ല. ഇനി എന്തെങ്കിലും ധാരണകൾ ഉണ്ടായിരുന്നെങ്കിൽ തന്നെ അത് അന്ന് നിലവിലുണ്ടായിരുന്ന, മുമ്പ് സൂചിപ്പിച്ച തരത്തിലുള്ള അബദ്ധധാരണകൾ മാത്രമാവാനേ സാധ്യതയുള്ളൂ.



### വിശുദ്ധ ക്വുർആൻ വഴികാണിക്കുന്നു

ഇവിടെയാണ് ക്വുർആനിക വചനങ്ങളുടെ കൃത്യത നമ്മെ അത്ഭുതപ്പെടുത്തുന്നത്. അശാസ്ത്രീയമായ അബദ്ധധാരണകൾ മാത്രം നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ അത്തരത്തിലുള്ള ഒരു അബദ്ധ പരാമർശം പോലും ക്വുർആനിൽ കാണാൻ സാധിക്കുകയില്ല എന്നുമാത്രമല്ല, ജലചംക്രമണത്തെ അഥവാ വാട്ടർ സൈക്കിളിനെ സംബന്ധിച്ച് കൃത്യമായ വിവരണങ്ങൾ ക്വുർആനിലെ വ്യത്യസ്തങ്ങളായ വചനങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കുന്നു!

അല്ലാഹു പറയുന്നു: "ആകാശത്തുനിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് നാം അതിനെ ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. അത് വറ്റിച്ചുകളയാൻ തീർച്ചയായും നാം ശക്തനാകുന്നു" (ക്വുർആൻ 23:18).

"നീ കണ്ടില്ലേ, അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിയിലെ ഉറവിടങ്ങളിൽ അതവൻ പ്രവേശിപ്പിച്ചു. അനന്തരം അതുമുഖേന വ്യത്യസ്ത വർണങ്ങളിലുള്ള വിള അവൻ ഉൽപാദിപ്പിക്കുന്നു. പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീട് അവൻ അതിനെ വൈക്കോൽത്തുരുമ്പാക്കുന്നു. തീർച്ചയായും അതിൽ ബുദ്ധിമാൻമാർക്ക് ഒരു ഗുണപാഠമുണ്ട്" (39:21).

ജലചക്രത്തിലെ വിവിധങ്ങളായ സുപ്രധാന സ്റ്റേജുകൾ ഈ വചനങ്ങളിൽ വിശദീകരിക്കപ്പെട്ടത് നമുക്ക് കാണാം. ഒന്നാമത്തേത് Precipitation അഥവാ മഴ. മേഘങ്ങളിൽനിന്നും മഴ ചൊരിയുന്നു. ആകാ

ശത്തുനിന്നും നിശ്ചിത അളവിൽ വെള്ളംചൊരിയുന്നു എന്ന് ആയത്തിൽ പറഞ്ഞത് ഈയൊരു സ്റ്റേജാണ്. രണ്ടാമത്തേത് Infiltration or percolation. ഭൂമിയിൽ വീഴുന്ന മഴവെള്ളം മണ്ണിനുള്ളിലേക്ക് കിനിഞ്ഞിറങ്ങുകയും സോയിൽ മോയ്സ്ചർ ആയോ ഗ്രൗണ്ട് വാട്ടർ അഥവാ ഭൂഗർഭജലം ആയോ മാറുകയും ചെയ്യുന്നു. മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്ന മഴവെള്ളം ഏതാനും മീറ്റർ കനത്തിൽ മണ്ണിനെ നനവുള്ള മണ്ണാക്കുകയും അതിനുശേഷം അതിനും ആഴത്തിലുള്ള ഭൂഗർഭ ജലപ്രവാഹങ്ങളിലേക്ക് എത്തുകയും ചെയ്യുന്നു. ഈ നനഞ്ഞ മണ്ണിന്റെ തട്ടിനെ vadoze zone എന്നും അതിനു താഴെയുള്ള ഭൂഗർഭജല സ്രോതസ്സുകളെ aquifer എന്നും പറയുന്നു. ഭൂമിയുടെ ഉപരിതലത്തിൽനിന്നും വ്യത്യസ്ത ആഴങ്ങളിൽ ഭൂഗർഭജലം ഇത്തരം aquiferകളിൽ ശേഖരിക്കപ്പെടുന്നു. ഇത്തരം ഭൂഗർഭജല ഉറവകളിൽ നിന്നാണ് നമ്മുടെ കിണറുകളിലും കുഴൽ കിണറുകളിലും നദികളിലുമൊക്കെ വെള്ളം ലഭിക്കുന്നത്. ഇത്തരം ഭൂഗർഭജല സ്രോതസ്സുകൾ അഥവാ aquiferകൾ ചിലപ്പോഴൊക്കെ ആയിരക്കണക്കിന് വർഷങ്ങൾ അതേപടി നിലനിൽക്കും. മണ്ണിലൂടെ ആഴ്ന്നിറങ്ങുന്ന മഴവെള്ളമാണ് ഇത്തരം ഭൂഗർഭജല ഉറവകളുടെ അവലംബം. കിണറുകളിൽ നിന്നും കുഴൽക്കിണറുകളിൽനിന്നുമൊക്കെ നമുക്ക് ലഭിക്കുന്ന വെള്ളം ഇത്തരം ഭൂഗർഭജല ഉറവകളിൽ നിന്നാണ്. ചിലപ്പോൾ ഭൂമിയുടെ ഉപരിതലത്തിലേക്കും നീരുറവകളുടെ രൂപത്തിൽ ഭൂഗർഭജലം പ്രത്യക്ഷപ്പെടാറുണ്ട്. ഈയൊരു ഭൂഗർഭജല സ്രോതസ്സുകൾ റീചാർജ് ചെയ്യപ്പെടുന്നത് പൂർണമായും മഴവെള്ളത്തിൽ നിന്നാണ്. നമ്മൾ കിണറുകളും കുഴൽകിണറുകളും കുഴിച്ച് ഭൂഗർഭജലത്തിൽ ഉള്ള ഈ ജലം ഉപയോഗിക്കുന്നു, വെള്ളം ഭൂഗർഭജല സ്രോതസ്സിൽനിന്നും കാലിയാകുന്നതിന് അനുസരിച്ച് മഴ പെയ്ത് വീണ്ടും വീണ്ടും റീചാർജ് ആയിക്കൊണ്ടിരിക്കുന്നു. ഈ പ്രവൃത്തി ചാക്രികമായി തുടർന്നുകൊണ്ടിരിക്കുന്നു. ഈ കാര്യങ്ങളെല്ലാം മനസ്സിൽ സ്മരിച്ചുകൊണ്ട് വിശുദ്ധ ക്വുർആൻ വചനങ്ങൾ ഒന്നുകൂടി കേട്ടുനോക്കൂ:


"ആകാശത്തുനിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് നാം അതിനെ ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. അത് വറ്റിച്ചുകളയാൻ തീർച്ചയായും നാം ശക്തനാകുന്നു" (23:18).

"നീ കണ്ടില്ലേ, അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിക്കുള്ളിലെ ഉറവുകളിലേക്ക് അതവൻ പ്രവേശിപ്പിച്ചു..." (39:21).

അല്ലാഹു എത്ര പരിശുദ്ധൻ! എത്ര കൃത്യമായ പരാമർശങ്ങൾ! ആകാശത്തുനിന്ന് നിശ്ചിത അളവിൽ വെള്ളം ചൊരിഞ്ഞു. എന്നിട്ട് അതിനെ ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കിയിരിക്കുന്നു. ഭൂമിക്കുള്ളിലെ ഉറവകളിൽ അത് ശേഖരിക്കപ്പെടുന്നു. പതിനാറാം നൂറ്റാണ്ടിൽ ഏതാനും ശാസ്ത്രജ്ഞർ മാത്രം ചർച്ച ചെയ്ത്, പത്തൊമ്പതാം നൂറ്റാണ്ടിൽ മാത്രം ശാസ്ത്രലോകം അംഗീകരിച്ച വാട്ടർ സൈക്കിൾ എത്ര കൃത്യമായിട്ടാണ് ക്വുർആൻ പ്രതിപാദിക്കുന്നത് എന്ന് നോക്കൂ. സമുദ്രജലം ഭൂമിക്കടിയിലൂടെ സഞ്ചരിച്ചാണ് ഭൂഗർഭജലം ഉണ്ടാവുന്നതെന്ന അബദ്ധപരാമർശങ്ങളോ ഭൂമിയിലെ കരഭാഗങ്ങൾ മുഴുവൻ ഒരു ജലാശയത്തിനു മുകളിൽ പൊങ്ങിക്കിടക്കുകയാണ് എന്ന വിഡ്ഢിത്തമോ ഒന്നും ക്വുർആനിൽ ഇല്ല. വളരെ കൃത്യമായ വിവരണങ്ങൾ മാത്രം. ഏഴാം നൂറ്റാണ്ടിൽ ജീവിച്ച, എഴുതാനും വായിക്കാനും അറിയാത്ത ഒരു പ്രവാചകന് എങ്ങനെയാണ് ഇത്തരം കാര്യങ്ങളിൽ അറിവുണ്ടാവുക? നിസ്സംശയം പറയാം; ദൈവത്തിന്റെ വചനങ്ങളാണ് ക്വുർആൻ എന്ന്.

Water cycle എന്നത് ഭൂമിയിൽ ജീവന്റെ നിലനിൽപിന് അത്യാവശ്യമാണ്. വെള്ളമില്ലാതെ ജീവൻ നിലനിൽക്കുകയില്ല. സസ്യങ്ങൾക്കും ജന്തുക്കൾക്കുമെല്ലാം ജീവൻ നിലനിർത്താൻ ജലം അനിവാര്യമാണ്. വിശുദ്ധ ക്വുർആനിലെ ഒരുപാട് വചനങ്ങളിൽ ഈ കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്.





"അങ്ങനെ അത്(വെള്ളം) കൊണ്ട് നാം നിങ്ങൾക്ക് ഈന്തപ്പനകളുടെയും മുന്തിരിവള്ളികളുടെയും തോട്ടങ്ങൾ വളർത്തിത്തന്നു. അവയിൽ നിങ്ങൾക്ക് ധാരാളം പഴങ്ങളുണ്ട്. അവയിൽനിന്ന് നിങ്ങൾ തിന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു"(23:19).

നിരവധി ക്വുർആൻ വചനങ്ങളിൽ ഇതുപോലെ ആകാശത്തുനിന്ന് മഴ വർഷിപ്പിക്കുകയും അതുമൂലം സസ്യലതാദികൾ മുളപ്പിച്ച് ഭൂമിയെ ജീവനുള്ളതാക്കിത്തീർക്കുകയും അതിൽ ജന്തുജാലങ്ങളെ വ്യാപിപ്പിക്കുകയും ചെയ്തു എന്ന അനുഗ്രഹം ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുന്നത് കാണാനാവുന്നതാണ്.

"മടങ്ങി വരുന്ന കാര്യം ഉൾക്കൊള്ളുന്ന ആകാശം തന്നെയാണ് സത്യം" (ക്വുർആൻ 86:11).

'റജഅ' എന്ന അറബി പദത്തിനർഥം 'മടങ്ങി' എന്നാണ്. അഥവാ ഒരു സ്ഥലത്തേക്കു പോയാൽ അവിടുന്ന് തിരിച്ചു മടങ്ങിവരിക. റിട്ടേൺ (return) എന്ന് ഇംഗ്ലീഷിൽ പറയും. 'അർറജഅ്' എന്നാൽ 'മടങ്ങിവരുന്ന വസ്തു എന്നുമാണ് അർഥം.

The sky which returns എന്നുപറഞ്ഞാൽ 'മടങ്ങിവരുന്ന സംഭവം ഉള്ളതായ ആകാശം' എന്നാണർഥം. എന്താണ് ഈ ഒരു പദംകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് നമ്മൾ പരിശോധിച്ചാൽ നമുക്ക് ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ (തഫ്സീറുകളിൽ) കാണാൻ കഴിയുന്നത് ആകാശത്തുനിന്നും മേഘങ്ങളിൽനിന്ന് ഭൂമിയിലേക്ക് മഴ വർഷിക്കുകയും തിരിച്ച് ഭൂമിയിൽ നിന്നും വെള്ളം നീരാവിയായി, മേഘങ്ങളായി ആകാശത്തിലേക്ക് മടങ്ങിപ്പോവുകയും ചെയ്യുന്നത് എന്നതാണ്.

'വസ്സമാഇ ദാതിർറജഅ്' എന്നതിന് ക്വുർആൻ തഫ്സീറുകളിൽ എല്ലാം ഈയൊരു വിശദീകരണം തന്നെയാണ് നൽകപ്പെട്ടിട്ടുള്ളത്. പ്രമുഖ സഹാബിയും (പ്രവാചക ശിഷ്യൻ) ക്വുർആൻ വ്യാഖ്യാതാവും ആയ അബ്ദുല്ലാഹിബ്നു അബ്ബാസ്ؓ ഈ ഒരു ആയത്ത് വിശദീകരിച്ചിട്ടുള്ളത് 'ആവർത്തിച്ചാവർത്തിച്ച് മഴപെയ്യുന്ന മഴമേഘങ്ങൾ' എന്നാണ്. ആകാശത്തുള്ള മേഘങ്ങളിൽനിന്ന് മഴയുണ്ടാകുന്നു. അങ്ങനെ ഭൂമിയിലെത്തിയ വെള്ളം തിരിച്ചു മേഘങ്ങളായി ആകാശത്തേക്ക് തന്നെ മടങ്ങുന്നു. വീണ്ടും ആവർത്തിച്ച് മഴപെയ്യുന്നു. വീണ്ടും തിരിച്ചു പോകുന്നു. ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഈയൊരു വാട്ടർ സൈക്കിളിനെ വളരെ കൃത്യമായ, ചുരുങ്ങിയ പദങ്ങൾകൊണ്ട് വിശദീകരിച്ചത് എത്ര അത്ഭുതകരമെന്ന് നോക്കൂ. ക്വുർആനിലെ പദപ്രയോഗങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുന്നത് ഇങ്ങനെയൊക്കെയാണ്.

സമുദ്രങ്ങളിൽനിന്നും മറ്റു ജലാശയങ്ങളിൽനിന്നുമൊക്കെ വെള്ളം ഓരോ സെക്കന്റിലും നീരാവി

"തന്റെ കാരുണ്യത്തിന്റെ മുമ്പിൽ സന്തോഷസൂചകമായി കാറ്റുകളെ അയച്ചതും അവനത്രെ. ആകാശത്തുനിന്ന് ശുദ്ധമായ ജലം നാം ഇറക്കുകയും ചെയ്തിരിക്കുന്നു"(25:48).

"നിർജീവമായ നാടിന് അതുമുഖേന നാം ജീവൻ നൽകുവാനും നാം സൃഷ്ടിച്ചിട്ടുള്ള ധാരാളം കന്നുകാലികൾക്കും മനുഷ്യർക്കും അത് കുടിപ്പിക്കുവാനും വേണ്ടി"(25:49).

"ആകാശത്തുനിന്ന് നാം അനുഗ്രഹീതമായ വെള്ളം വർഷിക്കുകയും എന്നിട്ട് അതുമൂലം പലതരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു"(50:9).

"അവനാണ് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നത്. അതിൽനിന്നാണ് നിങ്ങളുടെ കുടിനീർ.അതിൽ നിന്നുതന്നെയാണ് നിങ്ങൾ (കാലികളെ) മേയ്ക്കുവാനുള്ള ചെടികളുമുണ്ടാകുന്നത്"(16:10).

"അത് (വെള്ളം) മൂലം ധാന്യവിളകളും ഒലീവും ഈന്തപ്പനയും മുന്തിരികളും നിങ്ങൾക്ക് മുളപ്പിച്ചുതരുന്നു. എല്ലാതരം ഫലവർഗങ്ങളും (അവൻ ഉൽപാദിപ്പിച്ചുതരുന്നു). ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്" (16:11).

യായി അന്തരീക്ഷത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല മനുഷ്യനും മറ്റു ജീവജാലങ്ങളും സസ്യങ്ങളും ശ്വസിക്കുമ്പോഴും, അടുക്കളയിൽ വെള്ളം തിളപ്പിക്കുമ്പോഴുമെല്ലാം ജലം നീരാവിയായി അന്തരീക്ഷത്തിലേക്ക് പോയിക്കൊണ്ടേയിരിക്കുകയാണ്. Evaporation അഥവാ ബാഷ്പീകരണം എന്നാണ് ഇത് അറിയപ്പെടുന്നത്. ഇപ്രകാരം ബാഷ്പീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന നീരാവിയുടെ സാന്ദ്രത അന്തരീക്ഷത്തിലെ പ്രധാന വാതകങ്ങളായ നൈട്രജൻ, ഓക്സിജൻ എന്നിവയെക്കാൾ കുറവായതുകൊണ്ട് തന്നെ ഈ നീരാവി സ്വാഭാവികമായി മുകളിലേക്ക് ഉയർന്നുപോകുന്നു. മുകളിൽ എത്തുന്ന നീരാവി അന്തരീക്ഷമർദം കുറയുന്നതിന്റെ ഫലമായി തണുക്കുകയും വളരെ ചെറിയ ജലകണങ്ങൾ ആയി മാറുകയും ചെയ്യുന്നു. ഇത്തരത്തിൽ വളരെ ചെറിയ ജലകണികകൾ ചേർന്നാണ് മേഘം ഉണ്ടാവുന്നത്. വാതക അവസ്ഥയിലുള്ള നീരാവി ദ്രാവകാവസ്ഥയിലുള്ള ചെറിയ മേഘകണികകൾ ആവാൻ നീരാവി തണുത്താൽ മാത്രം പോരാ; അതിനു വളരെ ചെറിയ ചില കണികാ പദാർഥങ്ങളുടെകൂടി ആവശ്യമുണ്ട്. Cloud condensation nuclei അല്ലെങ്കിൽ cloud seeds എന്നറിയപ്പെടുന്ന വളരെ ചെറിയ പൊടിപടലങ്ങളുടെ രൂപത്തിലുള്ള കണികകൾ മേഘങ്ങളുടെ രൂപീകരണത്തിന് അത്യാവശ്യമാണ്. 0.2 മൈക്രോൺ വലിപ്പമുള്ള ഇത്തരം cloud seeds അഥവാ മേഘവിത്തുകൾ എന്നറിയപ്പെടുന്ന കുഞ്ഞുകണികകൾ ഉണ്ടെങ്കിൽ മാത്രമെ വാതക അവസ്ഥയിലുള്ള നീരാവി ഘനീഭവിച്ച് ദ്രാവകാവസ്ഥയിലോ മഞ്ഞ് അവസ്ഥയിലോ ആയി മാറുകയുള്ളൂ.

കാറ്റിൽ അടങ്ങിയിരിക്കുന്ന പൊടിപടലങ്ങൾ, പുക എന്നിവയൊക്കെയാണ് ഇത്തരം cloud സീഡുകളായി അഥവാ മേഘവിത്തുകളായി പ്രവർത്തിക്കുന്നത്. അഥവാ അന്തരീക്ഷത്തിൽ ഉയർന്നുപൊങ്ങി മുകളിൽ എത്തുന്ന നീരാവി കാറ്റിന്റെ സഹായത്തോടുകൂടി അവിടെയെത്തുന്ന 0.2 മൈക്രോൺ വലിപ്പമുള്ള മേഘവിത്തുകൾ എന്നറിയപ്പെടുന്ന കുഞ്ഞൻപൊടിപടലങ്ങളുമായി കൂടിച്ചേരുമ്പോഴാണ് മഴമേഘം ഉണ്ടാവുന്നത്. കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രം കണ്ടുപിടിക്കപ്പെട്ട ശാസ്ത്ര സത്യങ്ങളാണിത്! നമ്മളിൽ തന്നെ ബഹുഭൂരിപക്ഷം ആളുകളും cloud condensation nuclei അല്ലെങ്കിൽ cloud seeds എന്നൊന്നും കേട്ടിരിക്കാൻ പോലും സാധ്യതയില്ല. ഒരുപക്ഷേ, ഇത് വായിക്കുന്നവരിൽ പലരും cloud seed അല്ലെങ്കിൽ 'മേഘവിത്ത്' എന്നൊക്കെ ആദ്യമായി കേൾക്കുന്നവരായിരിക്കും.

പറഞ്ഞുവന്നത് ഇതാണ്; അന്തരീക്ഷത്തിൽ നീരാവി ഉണ്ടായാൽ മാത്രം പോരാ, കാറ്റിന്റെ സഹായത്തോടെ ആ നീരാവി പാളികളിൽ മേഘവിത്തുകൾ വിതറപ്പെടണം. എങ്കിൽ മാത്രമെ നീരാവി ഘനീഭവിച്ച് മഴമേഘങ്ങൾ രൂപപ്പെടുകയുള്ളൂ, മഴ പെയ്യുകയുള്ളൂ. ഇന്നും ശാസ്ത്രലോകത്തിനു പൂർണമായ രൂപത്തിൽ മേഘവിത്തുകളെക്കുറിച്ച് അറിയില്ല എന്നതാണ് വാസ്തവം. ഇപ്പോഴും പരീക്ഷണ നിരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു മേഖലയാണിത്. ക്ലൗഡ് സീഡിങ് വഴി കൃത്രിമ മഴ പെയ്യിക്കാനുള്ള ശ്രമങ്ങൾ പലരാജ്യങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ യു.എ.ഇ പ്രത്യേകം വിമാനങ്ങൾ ഉപയോഗിച്ചുകൊണ്ട് മേഘങ്ങളുടെ മുകളിൽ ഇത്തരം മേഘവിത്തുകൾ വിതറിക്കൊണ്ട് കൃത്രിമ മഴ പെയ്യിക്കാനുള്ള ശ്രമങ്ങൾ നടത്തിയതും ചെറിയതോതിൽ ആ ശ്രമങ്ങൾ വിജയിച്ചതും എല്ലാം നമ്മൾ വാർത്തകളിൽ വായിച്ചതാണ്. **(അവസാനിച്ചില്ല).**

> **'വസ്സമാഇ ദാതിർറജ്അ്' എന്നതിന് ക്വുർആൻ തഫ്സീറുകളിൽ എല്ലാം 'മടങ്ങിവരുന്ന സംഭവം ഉള്ളതായ ആകാശം' എന്ന വിശദീകരണം തന്നെയാണ് നൽകപ്പെട്ടിട്ടുള്ളത്. പ്രമുഖ സഹാബിയും ക്വുർആൻ വ്യാഖ്യാതാവും ആയ അബ്ദുല്ലാഹിബ്നു അബ്ബാസ്‍ؓ ഈ ഒരു ആയത്ത് വിശദീകരിച്ചിട്ടുള്ളത്. 'ആവർത്തിച്ചാവർത്തിച്ച് മഴപെയ്യുന്ന മഴമേഘങ്ങൾ' എന്നാണ്. ആകാശത്തുള്ള മേഘങ്ങളിൽനിന്ന് മഴയുണ്ടാകുന്നു. അങ്ങനെ ഭൂമിയിലെത്തിയ വെള്ളം തിരിച്ചു മേഘങ്ങളായി ആകാശത്തേക്ക് തന്നെ മടങ്ങുന്നു. വീണ്ടും ആവർത്തിച്ച് മഴപെയ്യുന്നു. വീണ്ടും തിരിച്ചുപോകുന്നു. ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന വാട്ടർ സൈക്കിളിനെ വളരെ കൃത്യമായ, ചുരുങ്ങിയ പദങ്ങൾകൊണ്ട് വിശദീകരിച്ചത് എത്ര അത്ഭുതകരമെന്ന് നോക്കൂ. ക്വുർആനിലെ പദപ്രയോഗങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുന്നത് ഇങ്ങനെയൊക്കെയാണ്.**

ടി.കെ.അശ്റഫ്
tkashraf100@gmail.com

ലേഖനം



# മസ്ജിദുകളിലേക്ക് മടങ്ങിയെത്തുമ്പോൾ

**ലോ**കമെമ്പാടും ആരാധനാലയങ്ങൾ കോവിഡ് പ്രതിരോധാർഥം ശക്തമായ നിയന്ത്രണത്തിന് വിധേയമായി. ഇരു ഹറമുകളിലും ജുമുഅ, ജമാഅത്തുകൾ നിയന്ത്രിക്കപ്പെട്ടു. ഉംറ തീർഥാടനം നിർത്തിവച്ചു. ലക്ഷക്കണക്കിനാളുകൾ നിർവഹിച്ചുവന്നിരുന്ന ഹജ്ജ്കർമം പതിനായിരത്തിൽ പരിമിതപ്പെടുത്തി! ഇതേ നിലപാട് ഉൾക്കൊണ്ടുകൊണ്ടും സർക്കാർ നിർദേശം പാലിച്ചുകൊണ്ടുംകേരളത്തിലെ മുസ്‌ലിം പള്ളികളിൽ പൊതുജനങ്ങൾക്ക് വിലക്കേർപ്പെടുത്തിയിരുന്നു. ജൂൺ എട്ടിന് കേന്ദ്ര സർക്കാർ ആരാധനാലയങ്ങൾ ഉപാധികളോടെ തുറന്നു പ്രവർത്തിക്കാൻ അനുമതിനൽകിയ ഉടനെത്തന്നെ ചില പള്ളികൾ ജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തിരുന്നു. ഇതേ സാഹചര്യത്തിൽ സാമൂഹ്യ വ്യാപനത്തിന്റെ വക്കിലാണ് കേരളം എന്ന് ആരോഗ്യ സംഘടനകളും സർക്കാരും ശക്തമായ മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. ആരാധനാലയങ്ങൾ തുറക്കാറായിട്ടില്ലെന്ന് ഐ.എം.എ പോലുള്ള സംഘടനകളുടെ ശക്തമായ മുന്നറിയിപ്പും ഉണ്ടായിരുന്നു.

ഈ സാഹചര്യത്തെ വിലയിരുത്തി കേരളത്തിലെ നല്ലൊരു ശതമാനം പള്ളികളും അൽപം കഴിഞ്ഞേ തുറക്കുന്നുള്ളൂ എന്ന് അവയുടെ നടത്തിപ്പുകാർ തീരുമാനമെടുക്കുകയുണ്ടായി. ഓരോദിനം പിന്നിടുമ്പോഴും രോഗികളുടെ എണ്ണം വർധിച്ചുവരുന്ന കാഴ്ചയാണ് പിന്നീടു നാം കണ്ടത്. അതിൽ കൂടുതലും സമ്പർക്കത്തിലൂടെയുള്ള രോഗവ്യാപനമായിരുന്നു. ഇത് എവിടെച്ചെന്ന് അവസാനിക്കുമെന്ന ആശങ്ക എല്ലാവരിലും അസ്വസ്ഥതയുണ്ടാക്കിയതിനാൽ പള്ളികൾ പെട്ടെന്ന് തുറക്കേണ്ടതില്ലെന്ന തീരുമാനമെടുത്തവർ അതിൽത്തന്നെ ഉറച്ചുനിന്നു. എന്നാൽ ദിവസങ്ങൾ പിന്നിട്ടപ്പോൾ നാം ഭയപ്പെട്ട സാഹചര്യം പതിയെ പിൻവാങ്ങുന്നതായാണ് ബോധ്യപ്പെട്ടത്. രോഗം വർധിക്കുന്നുണ്ടെങ്കിലും രോഗമുക്തിയും അതിനോടൊപ്പമുണ്ട്. മരണനിരക്കും ഭയപ്പെട്ട രീതിയിൽ ഉയർന്നില്ല. പൊതു ഇടങ്ങളെല്ലാം സജീവമായി. പരിശുദ്ധ ഹറമുകൾ തുറന്നു. എല്ലാ മുസ്‌ലിം രാജ്യങ്ങളിലും പള്ളികൾ തുറന്നു പ്രവർത്തിക്കാൻ തുടങ്ങി. കോവിഡിനോടൊപ്പം ജീവിക്കുകയെന്ന ആശയം ലോകാടിസ്ഥാനത്തിൽ പ്രായോഗികമായി നടപ്പിലാക്കാൻ തുടങ്ങി.

വലിയ ടൗണുകളും കണ്ടയ്ൻമെന്റ് സോണുകളുമല്ലാത്ത ഇടങ്ങളിലെല്ലാം പള്ളികൾ തുറന്നു പ്രവർത്തിക്കുന്ന ഘട്ടത്തിലാണ് ഇപ്പോൾ നാം ഉള്ളത്. മൊത്തത്തിൽ അടച്ചിട്ട് കോവിഡിനെ പ്രതിരോധിക്കുന്ന ശൈലിയിൽനിന്നും മാറി പ്രാദേശിക നിയന്ത്രണത്തോടെ പ്രതിരോധിക്കുന്ന പുതിയ സ്ട്രാറ്റജിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. തുറന്ന പള്ളികൾ പ്രാദേശികമായി രോഗവ്യാപനം ഉണ്ടാവുന്ന ഘട്ടത്തിൽ അടക്കുകയും ഭീതി നീങ്ങുമ്പോൾ തുറക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഈ ഘട്ടത്തിൽ പ്രായമുള്ളവരും കുട്ടികളും രോഗികളും സ്ത്രീകളും വരേണ്ടതില്ലെന്നും നൂറുപേരിൽ കവിയരുതെന്നുമുള്ള നിർദേശങ്ങൾ സ്വീകരിച്ചും സാമൂഹിക അകലം പാലിച്ചുകൊണ്ടുമാണ് പള്ളികളിൽ ആരാധനകൾ നിർവഹിക്കപ്പെടുന്നത്. രോഗഭീതി ഒഴിയുന്നതിനനുസരിച്ച് സർക്കാർ ഇതിലെല്ലാം ഇളവുകൾ വരുത്തുമെന്നുറപ്പാണ്. അപ്പോൾ സാധാരണ നിലയിലേക്ക് വരികയും ചെയ്യും. ഇൻശാ അല്ലാഹ്.

മസ്ജിദുകളിലേക്ക് വിശ്വാസികൾ മടങ്ങിയെത്തുന്ന ഈ ഘട്ടത്തിൽ അടിസ്ഥാനപരമായ ചില കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. കടിഞ്ഞാണില്ലാത്ത കുതിര കണക്കെ അധർമത്തിലൂടെ കുതിച്ചുപായുന്ന സമൂഹത്തിന് ഒരു കടിഞ്ഞാണായിരുന്നു കോവിഡ് എന്നു പറയാം. മനുഷ്യന്റെ നിസ്സഹായാവസ്ഥ

ബോധ്യപ്പെടാൻ ഇതിലും വലിയൊരവസരം നമുക്ക് വരാനുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് നാം കൂടുതൽ വിനയാന്വിതരായി, പശ്ചാത്തപിച്ച് സ്രഷ്ടാവിലേക്ക് മടങ്ങാൻ തയ്യാറാകണം.

അതോടൊപ്പം പള്ളി അടച്ചതിൽ നിരാശപ്പെടുകയോ തുറന്നതിൽ അമിതമായ ഉൽക്കണ്ഠ വച്ചുപുലർത്തുകയോ ചെയ്യേണ്ടതില്ല. ഒരു വികാരത്തിന്റെ പേരിൽ അടക്കുകയോ തുറക്കുകയോ അല്ല ആരും ചെയ്തിട്ടുള്ളത്. അധികാരികളുടെയും ആരോഗ്യ പ്രവർത്തകരുടെയും മുന്നറിയിപ്പുകളും ലോക സാഹചര്യവും മുന്നിൽവച്ച് ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ സുചിന്തിതമായ ആലോചനകൾക്ക് ശേഷം കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് പള്ളികൾ അടച്ചതും ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നതും. പകർച്ച വ്യാധി ഉണ്ടായപ്പോൾ പ്രവാചകന്റെ കാലത്ത് സ്വീകരിച്ച മുൻകരുതലുകളുടെ പൊരുൾ ഉൾക്കൊണ്ടാണ് കോവിഡ് കാലത്ത് നാം പള്ളികൾ അടച്ചതും സ്വഫ്ഫുകൾ അകന്നുനിൽക്കുന്നതടക്കമുള്ള ഇളവുകൾ സ്വീകരിച്ചതും. കർമങ്ങളുടെ കൃത്യമായ രൂപം പഠിപ്പിച്ച അതേ പ്രവാചകന്റെﷺ നാവിലൂടെയാണ് ഇളവുകളുടെ വിധികളും പഠിപ്പിക്കപ്പെട്ടത്. ഇളവ് സ്വീകരിക്കലും പ്രവാചകനെ അനുസരിക്കലായതിനാൽ പള്ളികളിൽ നമസ്‌കാരത്തിന് എത്താത്ത ദിനങ്ങളെ ആലോചിച്ച് ആരും അസ്വസ്ഥരാകേണ്ടതില്ല. മതപരമായ (ശറഇയായ) കാരണത്താൽ സാധാരണ ചെയ്യുന്ന ആരാധനകളിലുണ്ടാകുന്ന ഇളവുകൾ സ്വീകരിച്ചതിന്റെ പേരിൽ പ്രതിഫലത്തിൽ യാതൊരു കുറവും ഉണ്ടാവുകയില്ലെന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

കാര്യങ്ങൾ ഇങ്ങനെയായിരിക്കെ നഷ്ടപ്പെട്ട ജുമുഅകളെക്കുറിച്ചോ റമദാനിലെ കൊഴിഞ്ഞുപോയ ദിനരാത്രങ്ങളെക്കുറിച്ചോ വിശ്വാസികൾ വേവലാതിപ്പെടേണ്ടതില്ല. തീർത്തും അസാധാരണമായൊരു കാലഘട്ടത്തിനാണ് നാം സാക്ഷിയായിട്ടുള്ളത്. അതുകൊണ്ടുതന്നെ അസാധാരണമായ നടപടികൾ ഉണ്ടാവുക ഈ സമയത്ത് സ്വാഭാവികമാണ്. ഈ കാലഘട്ടത്തിൽ ഓരോ സന്ദർഭത്തെയും വിലയിരുത്തി അപ്പപ്പോൾ പ്രമാണബദ്ധമായി എടുത്ത നിലപാടുകളിൽ പരസ്പരം ആക്ഷേപമുന്നയിക്കുന്നത് വിവേകമതികൾക്ക് യോജിച്ചതല്ല. ഓരോരുത്തർക്കും അവരുടേതായ ന്യായങ്ങൾ നിരത്താനുണ്ടാകും. പള്ളികൾ നേരത്തെ തുറന്നതിനെയോ ശേഷം തുറന്നതിനെയോ ഇനിയും തുറക്കാത്തവരെയോ കുത്തിപ്പറയുന്ന രീതി ആർക്കും ഭൂഷണമല്ല. പള്ളികൾ അടച്ചിട്ട് ബോധപൂർവം വിശ്വാസികളെ ദീനിൽനിന്ന് അകറ്റണമെന്ന് ആരും ഉദ്ദേശിച്ചിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണല്ലോ.

വ്യത്യസ്ത വീക്ഷണങ്ങൾക്ക് ഏറെ സാധ്യതയുള്ള ഒരു മേഖലയാണ് ഇതെന്ന ഉൾക്കാഴ്ചയാണ് വിശ്വാസികൾക്കുണ്ടാവേണ്ടത്. പള്ളി തുറക്കാത്തവരെയും തുറന്നവരെയും ആക്ഷേപിക്കാനായി കോവിഡ് ബാധിതരുടെ കണക്ക് കാത്തിരിക്കുന്ന പ്രവണതയും വിവേകമുള്ളവർക്ക് ചേർന്നതല്ല. മയ്യിത്തുകൾ കൂട്ടത്തോടെ മറമാടുന്ന വിദേശരാജ്യങ്ങളിൽ കണ്ട ദൃശ്യങ്ങൾ നമ്മുടെ നാട്ടിൽ സംഭവിക്കരുതെന്ന പ്രാർഥനയാണ് എല്ലാവരിൽനിന്നും ഉയരേണ്ടത്. കോവിഡിന്റെ പേരിൽ പരസ്പരം തർക്ക വിവാദങ്ങളിലേർപ്പെടുകയല്ല ഈ സന്ദർഭത്തിൽ ചെയ്യേണ്ടത്.

അല്ലാഹുവിൽ ഭരമേൽപിച്ച് എടുത്ത തീരുമാനങ്ങൾക്കു ശേഷം സംഭവിക്കുന്ന ജയപരാജയങ്ങളെ വിലയിരുത്തുമ്പോൾ മുൻവിധികളെ പഴിക്കുന്നതിനെ പ്രവാചകൻﷺ നിരോധിച്ചിട്ടുണ്ട്. നബിﷺ പറഞ്ഞു:

"ഞാൻ ഇന്നയിന്ന വിധത്തിലൊക്കെ ചെയ്തിരുന്നെങ്കിൽ (നന്നായേനെ) എന്ന് നീ പറയരുത്. എന്നാൽ നീ പറയുക: 'അല്ലാഹു വിധിച്ചു. അവൻ ഉദ്ദേശിച്ചത് പ്രവർത്തിച്ചു.' തീർച്ചയായും 'എങ്കിൽ' എന്നത് പിശാചിന് (പ്രവേശിക്കാൻ) വാതിൽ തുറക്കലാണ്.'


'അങ്ങനെയാകാമായിരുന്നു,' 'ഇങ്ങനെയാകാമായിരുന്നു' തുടങ്ങിയ വാക്കുകളിലൂടെ പിശാചിന് വാതിൽ തുറന്നു വെക്കുകയാണ് നാം ചെയ്യുന്നതെന്ന് സാരം.

ലോക്ക്ഡൗൺ കാലം ആരാധനാനുഷ്ഠാനങ്ങളിൽ അലസരാകാനുള്ള ഒരവസരമായി കണ്ടവരുണ്ടെങ്കിൽ ഭയപ്പെടണം. നാം എങ്ങോട്ട് തിരിഞ്ഞുവോ അങ്ങോട്ടാണ് അല്ലാഹു മാർഗം കാണിക്കുക.

"...അങ്ങനെ, അവർ (നേർമാർഗം) തെറ്റിയപ്പോൾ, അല്ലാഹു അവരുടെ ഹൃദയങ്ങളെ തെറ്റിച്ചുകളഞ്ഞു. അല്ലാഹു ദുർന്നടപ്പുകാരായ ജനതയെ സൻമാർഗത്തിലാക്കുന്നതുമല്ല" (ക്വുർആൻ 61:15).

നമ്മുടെ ആരാധനകൾ യാന്ത്രികമായോ? സമയനിഷ്ഠയില്ലാതായോ? നാം ഓൺലൈൻ മാലിന്യങ്ങൾക്കടിമപ്പെട്ടോ? ദുശ്ശീലങ്ങൾ ജീവിതത്തിന്റെ ഭാഗമായോ? ഈ ചോദ്യങ്ങൾ നാം സ്വയം ചോദിക്കുക. ആത്മപരിശോധന നടത്താൻ തയ്യാറാവുക. പള്ളികൾ തുറന്ന സ്ഥലങ്ങളിൽ ഇളവുകൾ ഇല്ലാത്തവർ പള്ളികളിൽ വരണം. ജമാഅത്ത് സമയത്ത് അങ്ങാടികളിൽ അലക്ഷ്യമായി അലയരുത്. പ്രായമുള്ളവരും രോഗികളും വീട്ടിൽ ആരാധനകൾ ചിട്ടയോടെ നിർവഹിക്കണം. പള്ളികളിൽ വരുന്നവർ കോവിഡ് പ്രോട്ടോകോളുകളെ നിസ്സാരമായി കാണരുത്. ക്രമേണ സാധാരണഗതിയിലേക്ക് പള്ളികൾ തിരിച്ചെത്തും; ഇൻശാ അല്ലാഹ്. അതിനുമുമ്പ് ജനങ്ങളെല്ലാം ദീനിൽ നിന്നകന്നുവെന്ന വിലയിരുത്തലിലേക്ക് നാം ധൃതികാണിക്കേണ്ടതില്ല.

ചർച്ച



# വിവാഹപ്രായം: മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?

## നേർപഥം വൈജ്ഞാനിക സംവാദം / ഭാഗം 3

**ഈ ലക്കത്തിൽ:**

**മുഹമ്മദ് സ്വാദിക്വ് മദീനി / ഫാദർ പോൾ തേലക്കാട്**

**മുഹമ്മദ് സ്വാദിക്വ് മദീനി**

ഏതൊരു കാര്യത്തിലും വ്യക്തമായ കാഴ്ചപ്പാടുകളും കൃത്യമായ മാർഗനിർദേശവും നൽകൽ ഇസ്‌ലാമിന്റെ പ്രത്യേകതയാണ്. ഒരിക്കൽ ഒരു ജൂതൻ സൽമാനുൽ ഫാരിസി(റ)യോട് അത്ഭുതത്തോടെ പറഞ്ഞു: 'നിങ്ങളുടെ പ്രവാചകൻ നിങ്ങൾക്ക് മലമൂത്രവിസർജന മര്യാദകൾപോലും പഠിപ്പിച്ചു തന്നിരിക്കുന്നുവല്ലോ!'

ഏതാനും കാലം മാത്രം നിലനിൽക്കേണ്ട ഒരു ബന്ധമായിട്ടല്ല ഇസ്‌ലാം വിവാഹത്തെ കാണുന്നത്, മറിച്ച് മരണാനന്തരം സ്വർഗത്തിലും ഒന്നിക്കുവാൻ സാധിക്കണ്ടതുണ്ട് എന്ന് പഠിപ്പിക്കുന്നു. അല്ലാഹു പറയുന്നു:

"നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷഭരിതരായിക്കൊണ്ട് സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക" (ക്വുർആൻ 43:70).

വിവാഹമെന്ന പവിത്രമായ ചടങ്ങിന്റെ നെടും തൂണുകളാണ് വധൂവരന്മാരെങ്കിലും കേവലം അവരിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല അത്. ഇരുവരുടെയും കുടുംബം, സമൂഹം എന്നിവയുമായി പല നിലയ്ക്കും വിവാഹം ബന്ധപ്പെട്ടിരിക്കുന്നു.

വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിവാഹമെന്ന പവിത്രമായ കർമത്തിന്റെ രൂപം, വിവാഹാനന്തരം ദമ്പതികളുടെ കടമകൾ, ഉത്തരവാദിത്തങ്ങൾ, സന്തുഷ്ടകരമായ കുടുംബജീവിതം നിലനിർത്തുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ; ഇതെല്ലാം കൃത്യമായി മതം അറിയിച്ചുതരുന്നു.

ഈ വിഷയത്തിൽ പ്രധാനമായും മൂന്നുതരം കാഴ്ചപ്പാടുകൾ വച്ചുപുലർത്തുന്നവരെയാണ് ലോകത്ത് നാം കാണുന്നത്. വികാരപൂർത്തീകരണത്തിന് വിവാഹം ഒരു മാനദണ്ഡമല്ലെന്നും ഉഭയകക്ഷി സമ്മതപ്രകാരം എവിടെവച്ചും ആരുമായും രതിലീലകൾ ആകാവുന്നതാണ് എന്നും അഭിപ്രായപ്പെടുന്നവരാണ് ഒരു വിഭാഗം. അവർക്ക് അതിന് പ്രായം ഒരു തടസ്സമാകാറില്ല. വിവാഹത്തിന് പ്രായപരിധി നിശ്ചയിച്ച പല രാജ്യങ്ങളും വ്യഭിചാരത്തിന് ഒരു മാനദണ്ഡവും സ്വീകരിച്ചിട്ടില്ല എന്ന് കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ജപ്പാൻ, കൊറിയ പോലുള്ള രാജ്യങ്ങളിൽ പതിമൂന്ന് വയസ്സ് മുതൽ വ്യഭിചാരം നിയമവിധേയമാണ്!

വ്യഭിചാരം നിയമവിധേയമാകുന്ന പ്രായപരിധി ചില നാടുകളിൽ ഇപ്രകാരമാണ്: മെക്സിക്കോ 12, ചൈന, ജർമനി, ബൾഗേറിയ, ബ്രസീൽ, ചിലി, ബർമ 14 വയസ്സ്. ഡെന്മാർക്ക്, ഗ്രീസ്, ഫ്രാൻസ് 15 വയസ്സ്. അമേരിക്ക, ബെൽജിയം, ഫിൻലാന്റ് 16 വയസ്സ്.

പരസ്പരാനുമതിയോടെ ലൈംഗികബന്ധത്തിലേർപ്പെടാനുള്ള പ്രായപരിധി 18ൽ നിന്ന് 16 ആയി കുറച്ചു കൊണ്ടുള്ള നിയമ ഭേദഗതി ഇന്ത്യയിൽ വരുത്തിയത് 2013 മാർച്ച് 14നാണ്.

ധാരാളം കുടുംബങ്ങളാൽ പടുത്തുയർത്തപ്പെടുന്ന സമൂഹത്തിൽ വിവാഹം തന്നെ അന്യമാക്കപ്പെടുകവഴി പല രാജ്യങ്ങളിലും സംഭവിച്ചത് മാനസിക, ലൈംഗിക രോഗങ്ങൾ സമ്മാനിക്കുക എന്നതാണ്. പിതാവ് ആരെന്നറിയാത്ത ധാരാളം വിഷാദരോഗികളും ആരോടും ഒരു ബാധ്യതയുമില്ലാത്ത കുറെ ക്രിമിനലുകളും അവരുടെ ഉൽപന്നമായി അവശേഷിച്ചു.

വിവാഹം കഴിക്കുവാനുള്ള നിബന്ധനയായി മറ്റു ചിലയാളുകൾ കാണുന്നത് വധൂവരന്മാർക്ക് നിശ്ചിത പ്രായപരിധി എത്തുക എന്നതാണ്. ആളുകളുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വികാസങ്ങൾ പൂർത്തിയാകുന്നത് ഒരു പ്രത്യേക പ്രായമാകുമ്പോഴാണെന്നും ആ പ്രായത്തിൽ നടക്കുന്ന വിവാഹങ്ങളേ വിജയകരമാവുകയുള്ളൂ എന്നുമാണ് ഇവരുടെ വാദം. ഇത് പ്രത്യക്ഷത്തിൽ സ്വീകാര്യയോഗ്യമായ ഒരു അഭിപ്രായമാണെന്ന് തോന്നാമെങ്കിലും സമഗ്രമായി വിശകലനം ചെയ്താൽ ഇതിന്റെ നിരർഥകത ബോധ്യപ്പെടുന്നതാണ്.

ചരിത്രത്തിന്റെ നാൾവഴികൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത് ഈ വിഷയത്തിൽ ജനങ്ങൾ ഏതുകാലത്തും ഏകാഭിപ്രായക്കാരല്ല എന്ന യാഥാർഥ്യമാണ്.

യേശുവിന്റെ മാതാവായ മർയമിനെ ജോസഫ് കല്യാണം കഴിക്കുന്നത് പന്ത്രണ്ടാം വയസ്സിലാണ് എന്നും അന്ന് ജോസഫിന് തൊണ്ണൂറ് വയസ്സായിരുന്നു പ്രായം എന്നും എഴുതിവെച്ചത് കാത്തോലിക്ക് എൻസൈക്ലോപീഡിയയാണ്. മനുസ്മൃതിയിലെ നിയമങ്ങൾ അനുസരിച്ച് ഒരു ഗൃഹനാഥൻ തന്റെ മകൾക്ക് എട്ട് വയസ്സാകുംമുമ്പ് അവളെ ഇരുപത്തിനാലുകാരനായ ഒരു യുവാവിന് വിവാഹം ചെയ്തു കൊടുക്കണമെന്നാണ്.

50-100 വർഷങ്ങൾക്ക് മുമ്പുവരെ ലോകത്തുള്ള പല സമൂഹങ്ങളിലും ശരാശരി വിവാഹപ്രായം 10 വയസ്സായിരുന്നു. മുൻകാല സമൂഹങ്ങൾ ഈ വിഷയത്തിൽ ഏകാഭിപ്രായക്കാരല്ല എന്നു വ്യക്തം.

വർത്തമാനകാലത്തും ലോകരാജ്യങ്ങൾ വിവാഹത്തിന് അനുവാദം നൽകുന്ന കുറഞ്ഞ പ്രായപരിധി വിത്യസ്തമാണ് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. 2001ലെ ഇന്ത്യൻ സെൻസസ് റിപ്പോർട്ട് അനുസരിച്ച് 14 ലക്ഷം പെൺകുട്ടികൾ വിവാഹിതരായത് 10 വയസ്സിനും 14 വയസ്സിനും ഇടയിലാണ് എന്നാണ്.

സമ്പൂർണ ക്രൈസ്തവ രാജ്യമായ വത്തിക്കാനിൽ വിവാഹത്തിന്റെ പ്രായം 14ഉം ഹൈന്ദവ ഭൂരിപക്ഷരാഷ്ട്രമായ നേപ്പാളിൽ 16ഉം ജൂതരാഷ്ട്രമായ ഇസ്രായേലിൽ 16ഉം കമ്യൂണിസ്റ്റ് ആദർശ രാഷ്ട്രമായ പോളണ്ടിൽ 16ഉം ആണ്. വിവരസാങ്കേതിക രംഗത്ത് മുന്നിൽനിൽക്കുന്ന അമേരിക്കയിലെയും യൂറോപ്പിലെയും സ്ഥിതി ഇതിൽനിന്നും വ്യത്യസ്തമല്ല.



2019 സെപ്റ്റംബറിലെ കണക്കെടുത്താൽ അമേരിക്കയിലെ 13 സ്റ്റേറ്റുകളിൽ ഔദ്യോഗികമായി കുറഞ്ഞ വിവാഹപ്രായം നിശ്ചയിച്ചിട്ടില്ല. ഔദ്യോഗികമായി നിശ്ചയിച്ചിട്ടില്ലെങ്കിലും പെൺകുട്ടിക്ക് 12 വയസ്സും ആൺകുട്ടിക്ക് 14 വയസ്സും ആണ്. മറ്റു 19 സ്റ്റേറ്റുകളിൽ കുറഞ്ഞ വിവാഹപ്രായമായി 16 വയസ്സും ന്യൂയോർക്കിൽ 14 വയസ്സുമാണ് നിശ്ചയിച്ചിട്ടുള്ളത്. അമേരിക്കയിലെ സൗത്ത് കരോളിനയിൽ ഗർഭിണിയായാൽ ഏത് സമയവുമാണ് വിവാഹപ്രായം!

യൂറോപ്യൻ യൂണിയനിലെ മിക്കരാജ്യങ്ങളിലെയും കുറഞ്ഞ വിവാഹപ്രായം പെൺകുട്ടിക്ക് 16ഉം ആൺകുട്ടിക്ക് 18ഉം ആണ്. 2019 സെപ്റ്റംബറിലെ അവസ്ഥയനുസരിച്ച് ഇംഗ്ലണ്ടിലെ അംഗീകൃതമായ വിവാഹപ്രായം പുരുഷനും സ്ത്രീക്കും 16 വയസ്സാണ്. ലോകത്ത് ഭൂരിപക്ഷം രാജ്യങ്ങളിലും വിവാഹത്തിനുള്ള ചുരുങ്ങിയ പ്രായം 14-16 വയസ്സാണ് എന്ന് കാണാനാകും.

മഹാത്മാഗാന്ധി കസ്തൂർബയെ പതിമൂന്നാം വയസ്സിൽ വിവാഹം കഴിച്ചേതാ, ഇരുപത്തിരണ്ട് വയസ്സുണ്ടായിരുന്ന ശ്രീനിവാസ രാമാനുജൻ പത്തുവയസ്സുള്ള ജാനകിയമ്മയെ വിവാഹം കഴിച്ചേതാ നാൽപത്തിയഞ്ച് വയസ്സുള്ള കുമാരനാശാൻ ബാലികയായ ഭാനുമതിയെ വിവാഹം കഴിച്ചതോ അപരിഷ്‌കൃതമായിപ്പോയി എന്ന് അന്നുള്ളവർക്ക് തോന്നിയിട്ടില്ല. വിവാഹത്തിനുള്ള കുറഞ്ഞ പ്രായം തീരുമാനിക്കുന്നതിൽ ഇന്നും ആളുകൾ ഏകാഭിപ്രായക്കാരല്ല.

വിവാഹത്തിന്റെ വിഷയത്തിൽ ഇസ്‌ലാമിന് പറയാനുള്ളതാണ് മൂന്നാമത്തെ അഭിപ്രായം. വിവാഹം സ്വീകാര്യയോഗ്യവും മതപരമായി അംഗീകരിക്കപ്പെട്ടതുമാകണമെങ്കിൽ ചില നിബന്ധനകൾ അനിവാര്യമാണ്. ദമ്പതികളുടെ മാനസികമായ ഇഷ്ടവും പൊരുത്തവും, പെൺകുട്ടിയുടെ രക്ഷിതാവിന്റെ അംഗീകാരം, സ്വകാര്യമായ ഒരു ചടങ്ങല്ല സമൂഹത്തിന്റെ പിന്തുണയുണ്ട് എന്നറിയിക്കുന്ന സാക്ഷികൾ, അതിനു പുറമെ വരൻ ഭാര്യയെ സംരക്ഷിക്കുവാൻ യോഗ്യനായിരിക്കുക തുടങ്ങിയവ അവയിൽ പെട്ടതാണ്.

കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ഇണയെ തെരഞ്ഞെടുക്കുവാൻ ഇസ്‌ലാം കൽപിക്കുന്നില്ല. കാരണം കേട്ടുകേൾവികൾ യാഥാർഥ്യമായിക്കൊള്ളണമെന്നില്ല. ഇരുവരും ഒരേനാട്ടിൽ ജീവിക്കുന്നു എന്നതുകൊണ്ടോ അകന്ന കുടുംബബന്ധമുണ്ട് എന്നതുകൊണ്ടോ പരസ്പരം കാര്യങ്ങൾ അന്വേഷിക്കാതെ ഇണയെ തെരഞ്ഞെടുക്കുവാൻ പാടില്ല. അതിനാൽ വിവാഹത്തിന്റെ ആദ്യപടിയായി ഇരുവരും പരസ്പരം കാണണം എന്ന് മതം നിർദേശിച്ചു. നബിﷺ പറഞ്ഞു: 'ആരെങ്കിലും ഒരു സ്ത്രീയെ വിവാഹം അന്വേഷിച്ചാൽ വിവാഹം കഴിക്കാൻ ആവശ്യമായ തോതിൽ അവൻ അവളെ കാണട്ടെ.'

പരസ്പരം കാണുകയും സംസാരിക്കുകയും ചെയ്യുമ്പോൾ ഇരുവരും ഒന്നിച്ചുള്ള ജീവിതം മുന്നോട്ടുപോകുമോ എന്ന് ഏറെക്കുറെ അവർക്ക് ബോധ്യമാകും. അഥവാ ഒരു കൂടിക്കാഴ്ചയിലൂടെയും സംസാരത്തിലൂടെയും മറുകക്ഷിയെ അറിയുവാനും മനസ്സിലാക്കുവാനുമുള്ള പക്വതയും പാകതയും ആർജിച്ചവരായിരിക്കണം അവർ. വിവാഹത്തിന് പ്രായം അടിസ്ഥാനമാക്കുന്നതിനെക്കാൾ ഫലപ്രദം ഇത്തരം നിയമങ്ങൾ സ്വീകരിക്കലാണ്.

പരസ്പരമുള്ള കൂടിക്കാഴ്ചക്കപ്പുറം ഇരുവരുടെയും ഇഷ്ടവും താൽപര്യവും അറിയേണ്ടതുണ്ട്. പെണ്ണുകാണൽ കേവലം ഒരു ചടങ്ങല്ല, മറിച്ച് തന്റെ അഭിപ്രായം പ്രകടിപ്പിക്കുവാനുള്ള അവസരം കൂടിയാണ്. ദമ്പതികൾ തമ്മിലുള്ള ഇഷ്ടവും പൊരുത്തവും ഉണ്ടാകുമ്പോഴാണ് കുടുംബജീവിതത്തിൽ സന്തോഷം നിലനിൽക്കുന്നത്. ഇഷ്ടാനിഷ്ടങ്ങൾ പരിഗണിക്കാതെ മറ്റൊരാളുടെ കീഴിൽ ഞെരിഞ്ഞമർന്നുകൊണ്ടുള്ള ബന്ധങ്ങൾ, മുന്നോട്ടുപോകാതെ സ്‌ഫോടനത്തിൽ കലാശിക്കുകയാണ് പതിവ്. വിവാഹപ്രായം മാത്രം പരിഗണിച്ചാൽ പരസ്പരമുള്ള ഇഷ്ടം ഉണ്ടാകണമെന്നില്ല. ഭർത്താവിനെക്കാൾ പ്രായം ഭാര്യക്ക് ഉണ്ട് എന്നതുകൊണ്ട് മാത്രം കുടുംബകലഹങ്ങൾ ഉണ്ടാവുകയില്ല.

അനുവാദവും ഇഷ്ടവും ചോദിക്കാതെ നിർബന്ധിച്ചുള്ള വിവാഹം ഇസ്‌ലാമിൽ അസാധുവാണ്. നബിﷺ പറഞ്ഞു: "കന്യകയാകട്ടെ, അവളുടെ അനുമതിയില്ലാതെ അവളെ വിവാഹം കഴിപ്പിച്ചുകൂടാ" (മുസ്‌ലിം).

ഇമാം ബുഖാരി തന്റെ പ്രസിദ്ധമായ ഹദീഥ് ഗ്രന്ഥത്തിൻ ഒരു അധ്യായമായി നൽകിയത് ഇപ്രകാരമാണ്: 'പിതാവോ മറ്റാരെങ്കിലുമോ കന്യകയെയും വിധവയെയും അവരുടെ ഇഷ്ടമില്ലാതെ വിവാഹം ചെയ്തുകൊടുക്കുവാൻ പാടില്ല.'

വിവാഹ വിഷയത്തിൽ ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ ധാരാളം യുക്തി ദർശിക്കുവാൻ സാധിക്കും. സ്ത്രീയുടെ ഇഷ്ടം പരിഗണിക്കാതെ അവളെ വിവാഹം കഴിപ്പിക്കുവാൻ പാടില്ല എന്നതുപോലെത്തന്നെ വിവാഹം അന്വേഷിച്ചുവന്നയാളെ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാനുള്ള അധികാരം അവൾക്കുണ്ട്. അത്തരം അധികാരം കയ്യാളുവാനുള്ള പക്വതനിറഞ്ഞവളായിരിക്കണം വിവാഹിതയാകുന്നവൾ. എട്ടും പൊട്ടും തിരിയാത്ത പിഞ്ചുകുഞ്ഞിനോട് വിവാഹത്തിന് അനുമതിതേടുക എന്നത് പ്രസക്തമല്ല. അതോടൊപ്പം ഇത്തരം പക്വതയെ കേവലം ഒരു നിശ്ചിത പ്രായത്തിൽ പരിമിതപ്പെടുത്തുവാനും കഴിയില്ല.

ശാരീരികവും മാനസികവുമായ കാര്യങ്ങളിൽ സ്ത്രീപുരുഷന്മാർക്കിടയിൽ ഏറ്റവ്യത്യാസങ്ങൾ സ്വാഭാവികമാണ്. സ്ത്രീ പൊതുവെ പുരുഷനെക്കാൾ ദുർബല മനസ്സുള്ളവളാണ്. കാര്യങ്ങൾ മുൻകൂട്ടി ആലോചിക്കാതെ പല കാര്യങ്ങളും വിശ്വസിക്കുവാനും അതുവഴി അവൾ വഞ്ചിക്കപ്പെടുവാനും സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ അവളെ ബാധിക്കുന്ന ഗൗരവമേറിയ വിവാഹ വിഷയത്തിൽ അവളുടെ താൽപര്യം അറിയുന്നതോടൊപ്പം ഇത്രയും കാലം അവളെ സംരക്ഷിച്ച, അവളുടെ സുന്ദരമായ ഭാവി സ്വപ്നം കാണുന്ന രക്ഷിതാവിന്റെ അഭിപ്രായവും സമ്മതവും തേടൽ അത്യന്താപേക്ഷിതമാണ്. അവൾക്ക് ഗുണകരമായത് മാത്രമെ രക്ഷിതാവ് പ്രവർത്തിക്കുകയുള്ളൂ. ഇന്നലെവരെ സ്നേഹിച്ചും താലോലിച്ചും വളർത്തിയ മകളെ വിവാഹം ചെയ്തയക്കുമ്പോൾ ഏറ്റവും സുരക്ഷിതമായ കൈകളിൽ ഏൽപിക്കണമെന്ന് ഏതൊരു രക്ഷിതാവാണ് ആഗ്രഹിക്കാതിരിക്കുക? മറ്റൊരാൾക്കു കീഴിൽ അവൾ കണ്ണീർകുടിക്കുന്ന അവസ്ഥ ഏതു രക്ഷിതാവാണ് സഹിക്കുക? അതിനാൽ പരസ്പരം പൊരുത്തപ്പെടാൻ കഴിയാത്ത ബന്ധങ്ങൾക്ക് അയാൾ കൂട്ടുനിൽക്കുകയോ വിവാഹജീവിതത്തിലേക്ക് കാലെടുത്തുവെക്കുവാൻ പ്രായമായിട്ടില്ലാത്തവളെ നിർബന്ധിച്ച് വിവാഹം ചെയ്തയക്കുകയോ ഇല്ല.



കുടുംബത്തിന്റെ സുരക്ഷിതത്വം കുടുംബനാഥന്റെ ബാധ്യതയാണ്. തന്റെ കീഴിലുള്ളവരുടെ വിഷയത്തിൽ അവൻ ചോദ്യം ചെയ്യപ്പെടുന്നതാണ്.

നബിﷺ പറഞ്ഞു: 'രക്ഷിതാവും നീതിമാന്മാരായ രണ്ട് സാക്ഷികളുമില്ലാതെ വിവാഹം ഇല്ല.'

പെൺകുട്ടി ഒരു ഒഴിവാക്കപ്പെടേണ്ട ഭാണ്ഡമാണെന്ന ധാരണയിൽ ഇരുളിന്റെ മറവിൽ ആരാരുമറിയാതെ രക്ഷിതാവ് അന്യപുരുഷന് ഏൽപിച്ചു കൊടുക്കുന്ന പ്രവൃത്തിയല്ല ഇസ്‌ലാമിലെ വിവാഹം. അതിന് സാക്ഷികൾ അനിവാര്യമാണ്. അഥവാ വിവാഹം പരസ്യപ്പെടുത്തൽ അനിവാര്യമാണ്. സ്വാഭാവികമായും ആളുകൾ അവജ്ഞയോടെ കാണുന്ന ബന്ധങ്ങൾക്ക് സമൂഹം സാക്ഷിനിൽക്കുകയോ അത്തരം വിവാഹങ്ങളെ അംഗീകരിച്ച് അവയിൽ പങ്കെടുക്കുകയോ ഇല്ല.

വിവാഹത്തിന് തയ്യാറാകുന്ന പുരുഷൻ കുടുംബജീവിതം മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുന്നവനായിരിക്കണം. കാരണം ഭാര്യക്കുവേണ്ട സംരക്ഷണം, ഭക്ഷണം, വസ്ത്രം, മറ്റുചെലവുകൾ എന്നിവയെല്ലാം അറിയലും വഹിക്കലും പുരുഷന്റെ ബാധ്യതയാണ്. അല്ലാഹു പറയുന്നു: "പുരുഷൻമാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറുവിഭാഗത്തെക്കാൾ അല്ലാഹു കൂടുതൽ കഴിവു നൽകിയത് കൊണ്ടും (പുരുഷൻമാർ) അവരുടെ ധനം ചെലവഴിച്ചതുകൊണ്ടുമാണത്..." (ക്വുർആൻ 4:34).

ഭാര്യയുടെ അഭിമാനത്തിനേൽക്കുന്ന ക്ഷതം ഭർത്താവിനുകൂടി അപമാനമാണ്. ഭാര്യയുടെ അഭിമാനം അപഹരിക്കുവാൻ വേണ്ടി വരുന്നവനെ യുക്തമായ രൂപത്തിൽ നേരിട്ടതിന്റെ ഫലമായി ഒരാൾ കൊല്ലപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്. നബിﷺ പറഞ്ഞു: 'തന്റെ ധനത്തിനു വേണ്ടിയോ കുടുംബത്തിനു വേണ്ടിയോ രക്തത്തിനുവേണ്ടിയാ മതത്തിനു വേണ്ടിയോ കൊല്ലപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്.'

ആരെങ്കിലും നിശ്ചയിക്കുന്ന പ്രായം എത്തുമ്പോഴല്ല, മറിച്ച് ഭാര്യക്കുവേണ്ട സർവസംരക്ഷണവും നൽകുവാൻ പര്യാപ്തനാകുമ്പോഴാണ് ഒരു പുരുഷന്റെ വിവാഹത്തിന് സമയമാകുന്നത്.

അല്ലാഹുവിനെ മുൻനിർത്തി ഏർപ്പെടുന്ന വിവാഹ കരാർ വലിയ അമാനത്താണ്. അത് നിറവേറ്റുവാൻ പുരുഷന് സാധിക്കണം. അതുകൊണ്ടുതന്നെ സുരക്ഷിതവും സന്തുഷ്ടകരവുമായ കുടുംബജീവിതത്തിന് ഏറ്റവും അനുയോജ്യമായ സമയത്തെ കേവലം അക്കങ്ങളിൽ ഒതുക്കലല്ല, മറിച്ച് ഇസ്‌ലാം നിർദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കലാണ് ഗുണകരം.




ഫാദർ പോൾ തേലക്കാട്
thelakatpaul@gmail.com

# വിവാഹപ്രായ വർധന അടിച്ചേൽപിക്കരുത്

കേരളത്തിലും ഭാരതത്തിലും ഇപ്പോൾ പെൺകുട്ടികളുടെ വിവാഹപ്രായം 18 വയസ്സാണ്. അതിൽനിന്ന് 21 വയസ്സിലേക്ക് ഉയർത്തണമെന്ന നിർദേശമാണ് പുതുതായി ഇന്ത്യയുടെ സർക്കാർ ഉന്നയിക്കുന്നത്. ഈ സാഹചര്യത്തിൽ ആഗോള തലത്തിൽ എങ്ങനെയാണ് കാര്യങ്ങൾ പോകുന്നത് എന്ന് ഒന്ന് വിലയിരുത്തേണ്ടതുണ്ട്. 198 രാജ്യങ്ങളിൽ 153 രാജ്യങ്ങളും കുട്ടിപ്രായത്തിൽ അഥവാ 18 വയസ്സിന് താഴെയുള്ള പ്രായത്തിൽ കല്യാണം കഴിക്കരുത് എന്ന് നിയമമുള്ള രാജ്യങ്ങളാണ്. അതേസമയം പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും രണ്ടു പ്രായം നിശ്ചയിക്കുന്ന 38 രാജ്യങ്ങളുണ്ട്. എന്നാൽ പത്ത് വയസ്സിനും 15 വയസ്സിനുമൊക്കെ താഴെ കല്യാണം നടക്കുന്ന രാജ്യങ്ങളും ലോകത്തിലുണ്ട്. പ്രത്യേകിച്ച് ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുന്നത് ടാൻസാനിയയാണ്. അവിടെ ഹിന്ദുകുട്ടികളും മുസ്‌ലിംകുട്ടികളും 12 വയസ്സിനും 15 വയസ്സിനും താഴെ പ്രായത്തിൽ കല്യാണം കഴിക്കുന്നുണ്ട്.

നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം; വിവാഹപ്രായം നിശ്ചയിക്കുന്നത് സമൂഹത്തിലെ പല മാനദണ്ഡങ്ങളാണ്. കുട്ടിപ്രായം കഴിഞ്ഞു കല്യാണം കഴിക്കണം എന്നുള്ള ഒരു കാഴ്ചപ്പാടാണ് ലോകത്തിലെ ഭൂരിപക്ഷം രാജ്യങ്ങളും എടുക്കുന്നത്. 18 വയസ്സാണ് കുട്ടിപ്രായം കഴിയാനുള്ള പ്രായം. 18 എന്നത് 21 ആക്കണോ വേണ്ടയോ എന്നുള്ള ചോദ്യമാണ് നമ്മുടെ മുമ്പിലുള്ളത്. ഈ ചോദ്യത്തിന് ഉത്തരം പറയുന്നതിന് മുമ്പ് നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസം നേടാൻ സൗകര്യങ്ങൾ ഉള്ളപ്പോൾ; ആ വിദ്യാഭ്യാസത്തിന് പെൺകുട്ടികളും ആൺകുട്ടികളും ഒരുപോലെ പോകുന്നതുകൊണ്ട്, പതിനെട്ടും ഇരുപതും ഒക്കെ പ്രായം ആകുമ്പോഴാണ് കുട്ടികൾ വിദ്യാഭ്യാസം നേടി ഒരു ജോലിയിലോ ഒരു കൃത്യമായ ഒരു സ്ഥിതിയിലോ എത്തിച്ചേരുന്നത്. അതുകൊണ്ട് 21 വയസ്സ് ആക്കണം എന്ന് പറയുന്നതിൽ യുക്തിയുണ്ട്.

പക്ഷേ, ഏറ്റവും പ്രധാനമായി ഞാൻ പറയാൻ ആഗ്രഹിക്കുന്നത്; ഇങ്ങനെയൊരു കാര്യം ഭൂരിപക്ഷം അടിച്ചേൽപിക്കുന്നത്, ന്യൂനക്ഷത്തിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒരു കാഴ്ചപ്പാടും ഒരു പ്രതികരണവും ഒരു ശൈലിയുമാണ്. ഇത് ഭാരതം പോലുള്ള ഒരു ജനാധിപത്യ രാജ്യത്ത് ഗുണകരമാകില്ല. അതിന് പരിശ്രമിക്കാതിരിക്കുന്നതാണ് അഭിലഷണീയം എന്ന് പറയാനാണ് എനിക്ക് താൽപര്യം.

കാരണം ഭൂരിപക്ഷത്തിന്റെ ആധിപത്യമല്ല ജനാധിപത്യം. ന്യൂനപക്ഷങ്ങളടക്കം എല്ലാവർക്കും അവരുടെ ജീവിതശൈലിയിൽ ജീവിക്കാനുള്ള എല്ലാ അവകാശങ്ങളും കൊടുക്കുമ്പോഴേ ജനാധിപത്യം എന്നതിന് അർഥമുണ്ടാവുകയുള്ളൂ. പെൺകുട്ടികളുടെ വിവാഹപ്രായം 18ൽനിന്ന് 21ലേക്ക് മാറ്റുന്നത് എല്ലാവരുടെയും സഹകരണത്തോടെയും എല്ലാവരുടെയും സമ്മതത്തോടുകൂടിയും ആകണം. അടിച്ചേൽപിക്കുന്ന ഒരു നയം ഭാരതത്തിൽ ഉണ്ടാകുന്നത് ഭൂരിപക്ഷ ആധിപത്യത്തിന്റെ മൃഗീയമായ നടപടിയാകും, ഏകാധിപത്യമാകും എന്ന ആശങ്കയും ഭയവും ഉള്ളതുകൊണ്ടാണിത് പറയുന്നത്. 18ൽനിന്ന് 21 ആക്കുന്നത് എല്ലാവരെയും ബാധിക്കുന്ന കാര്യമാണ്. ന്യൂനപക്ഷങ്ങളുടെയും ഭൂരിപക്ഷങ്ങളുടെയും അംഗീകാരവും യോജിപ്പും മനസ്സമ്മതവും ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കണം എന്നാണ് ഈ വിഷയത്തിൽ എനിക്ക് പറയാനുള്ളത്.

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com






# ദുരന്തങ്ങളിൽ വിശ്വാസികൾക്കൊരു മാർഗരേഖ

### (4) അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കൽ

ഏതൊരു സന്ദർഭത്തിലും അല്ലാഹുവും റസൂലുംﷺ പഠിപ്പിച്ച അല്ലെങ്കിൽ കൽപിച്ച കാര്യങ്ങൾ ചെയ്യൽ മഹത്തായ ആരാധനയാണല്ലോ. മാത്രമല്ല ആ നിലയ്ക്ക് അനുസരിച്ചുകൊണ്ട് ജീവിക്കുകയെന്നത് തന്നെയാണ് നമ്മുടെ ജീവിത ലക്ഷ്യവും. അതിനാൽ ആപത്തിന്റെ സന്ദർഭത്തിൽ മുകളിൽ വിശദീകരിച്ച പ്രാർഥനകൾ നാം നിർവഹിക്കുമ്പോൾ അവിടെ അല്ലാഹുവിന്റെ കൽപനയെ അനുസരിക്കുക എന്ന ഇബാദത്ത് വരുന്നു. പ്രവാചകൻ ഹദീഥിൽ പ്രയോഗിച്ച വാചകം അപ്രകാരമാണ്.

ഇവിടെ ഒരു ആപത്ത് ബാധിച്ചാൽ 'അല്ലാഹു അവനോട് കൽപിച്ചതുപോലെ അവൻ പറഞ്ഞാൽ' എന്ന നബിﷺയുടെ പ്രയോഗം ഇപ്രകാരം പറയൽ അല്ലാഹുവിന്റെ കൽപനയാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

അതോടൊപ്പം പ്രവാചകചര്യയെ പിന്തുടരലും ഇതിലുണ്ട്. ആപത്തുകൾ (മുസ്വീബത്തുകൾ) ബാധിക്കുമ്പോഴുള്ള പ്രവാചകചര്യകളെ മുറുകെ പിടിക്കുന്നവർക്ക് അല്ലാഹുവിന്റെ കാരുണ്യവും അവനിൽ നിന്നുള്ള പ്രതിഫലവും ലഭിക്കുമെന്ന കാര്യത്തിൽ സംശയമേതുമില്ല.

'നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക, നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കാം' (ക്വുർആൻ 3:132).

ചുരുക്കത്തിൽ, ഏതൊരു പരീക്ഷണവും ദുരന്തവും നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ നാം വിശദീകരിച്ച അടിസ്ഥാനപരമായ ഈ നാല് കാര്യങ്ങൾ നമ്മിൽ നിന്നും നിർബന്ധമായും ഉണ്ടാവണം. വിശ്വാസത്തിലെ കൃത്യതയും ദൃഢതയും, പിന്നെ അത് നാവുകൊണ്ട് പ്രഖ്യാപിക്കലും പ്രവൃത്തിയിൽ അത് തെളിയിക്കലും, ആ വിഷയത്തിൽ അല്ലാഹുവിനെയും റസൂലിനെയും നിരുപാധികം അനുസരിക്കലും; ഇതാണ് ആ നാലു കാര്യങ്ങൾ.

ഇതിൽ നാം വിജയിച്ചാൽ 5 കാര്യങ്ങളാണ് തിരിച്ച് അല്ലാഹുവിൽനിന്ന് നമുക്ക് ലഭിക്കുക. അവ ഏതൊക്കെയാണെന്ന് പ്രാമാണികമായി തന്നെ നമുക്ക് മനസ്സിലാക്കാം.

'അല്ലാഹുവിൽനിന്നുള്ള സ്വലാത്തുകളും റഹ്മത്തും അവർക്കുണ്ടാവും, അവർ തന്നെയാണ് സന്മാർഗികൾ' (ക്വുർആൻ 2:157).

ഈ വചനത്തിലൂടെ പരീക്ഷണ ഘട്ടത്തിൽ ക്ഷമയവലംബിക്കുന്നവർക്ക് മൂന്ന് കാര്യങ്ങളാണ് അല്ലാഹു വാഗ്ദത്തം ചെയ്യുന്നത്.

(1) അവരുടെമേൽ അല്ലാഹുവിങ്കൽ നിന്നുള്ള സ്വലാത്തുകൾ ഉണ്ടാകും: അല്ലാഹുവിങ്കൽനിന്നുള്ള സ്വലാത്ത് എന്ന് പറഞ്ഞാൽ അതിന്റെ വിവക്ഷ, വലിയ താബിഈ പണ്ഡിതനായ അബുൽ ആലിയ പറഞ്ഞത് പോലെ 'ഉന്നതരായ മലക്കുകളുടെ സഭയിൽ' അല്ലാഹു ഒരു അടിമയെ പ്രശംസിച്ചു പറയലാണ്. നാം അനുഭവിക്കുന്ന പരീക്ഷണത്തെക്കാൾ എത്രയോ ഉത്തമമായതാണ് പകരം അല്ലാഹുവിൽ നിന്നും ലഭിക്കുന്നത്. 'സ്വലവാത്ത്' എന്ന് ബഹുവചന രൂപത്തിലാണ് പറഞ്ഞിട്ടുള്ളത്. അഥവാ അല്ലാഹുവിൽനിന്നുളള ധാരാളം പ്രശംസകൾ ആ വ്യക്തിക്ക് ലഭിക്കുന്നു. അതിനെക്കാൾ വലിയ എന്ത് നേട്ടമാണ് നമുക്ക് ലഭിക്കാനുള്ളത്? മലക്കുകളുടെ ഉന്നതസഭയിൽ അല്ലാഹു നമ്മെ പ്രശംസിച്ചുപറയുന്നതിനെക്കാൾ വലിയ എന്ത് സന്തോഷമാണ് വിശ്വാസികൾക്ക് ലഭിക്കാനുള്ളത്? അപ്രകാരം വലിയ പരീക്ഷണങ്ങളെയും ദുരന്തങ്ങളെയും ആഹ്ലാദമാക്കി മാറ്റാൻ വിശ്വാസികൾക്ക് സാധിക്കുന്നു.

രണ്ടാമത് പറയുന്നത്, അവർക്ക് റഹ്മത്ത് അഥവാ കാരുണ്യം ഉണ്ട് എന്നാണ്. അല്ലാഹുവിന്റെ അളവറ്റ കാരുണ്യം ക്ഷമാലുക്കൾക്ക് അല്ലാഹു പ്രത്യേകം രേഖപ്പെടുത്തും.

അതിനാൽ ഒരു പരീക്ഷണത്തിലും വിശ്വാസികൾ നിരാശരാവാൻ പാടില്ല. കടുത്ത ദുഃഖത്തിലും വിഷാദത്തിലും അവർ കഴിയരുത്, നെഗറ്റീവായ ചിന്തകൾ ഉണ്ടാവരുത്. എല്ലാം നഷ്ടപ്പെട്ടു എന്നും കരുതരുത്. പകരം, അവർക്ക് അല്ലാഹുവിന്റെ അധികരിച്ച കാരുണ്യമാണ് ലഭിക്കാൻ പോകുന്നത്. അതിനെക്കാൾ വലിയ നേട്ടം വേറെയെന്താണ് നമുക്ക് ലഭിക്കാനുള്ളത്. അതുകൊണ്ട് തന്നെ പരീക്ഷണം വിശ്വാസികൾക്ക് കാരുണ്യമായി മാറും. അതിനു പക്ഷേ, നാം തുടക്കത്തിൽ വിശദീകരിച്ച നാലു കാര്യങ്ങൾ നമ്മിൽനിന്നുണ്ടാവണം എന്ന് മാത്രം.

പിന്നീട് പറയുന്നത്, 'അവർ തന്നെയാവുന്നു സന്മാർഗികൾ' എന്നാണ്. അഥവാ 'അവർ തങ്ങളുടെ രക്ഷിതാവിൽനിന്നുള്ള മാർഗദർശനത്തിൽ ആകുന്നു. അവർ തന്നെയാണ് വിജയികൾ' ക്വുർആൻ (2:5) പറഞ്ഞതുപോലെ അല്ലാഹുവിൽനിന്നുള്ള മാർഗദർശനത്തിന്റെ അടിസ്ഥാനത്തിൽ നിലകൊള്ളുകയും അതിനാൽ തന്നെ യഥാർഥ സന്മാർഗികളുടെ കൂട്ടത്തിൽ ഉൾപ്പെട്ട് വിജയികളായിത്തീരുകയും ചെയ്തവരാണ് അവർ എന്നാണ്. ഏതു പരീക്ഷണ ഘട്ടത്തിലും നമുക്കാവശ്യമുള്ളത് അതിനെ തരണം ചെയ്യാൻ ആവശ്യമായ മാർഗദർശനവും ശരിയായ മാർഗത്തിൽ നിന്നും തെറ്റിപ്പോകാത്ത അവസ്ഥയുമാണ്. പലരും പരീക്ഷണഘട്ടത്തിലാണ് സന്മാർഗത്തിൽ നിന്നും തെറ്റിപ്പോകാറുള്ളത്.

അല്ലാഹുവിനെ സംബന്ധിച്ചു മോശമായി കരുതുക, മതത്തിൽനിന്നും പിറകോട്ട് പോവുക, അല്ലാ

> **ഏതൊരു പരീക്ഷണവും ദുരന്തവും നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ അടിസ്ഥാനപരമായ നാല് കാര്യങ്ങൾ നമ്മിൽ നിന്നും നിർബന്ധമായും ഉണ്ടാവണം. വിശ്വാസത്തിലെ കൃത്യതയും ദൃഢതയും, പിന്നെ അത് നാവുകൊണ്ട് പ്രഖ്യാപിക്കലും, പ്രവൃത്തിയിൽ അത് തെളിയിക്കലും, ആ വിഷയത്തിൽ അല്ലാഹുവിനെയും റസൂലിനെയും നിരുപാധികം അനുസരിക്കലും; ഇതാണ് ആ നാലു കാര്യങ്ങൾ.**

ഹുവിന്റെ വിധിയെ പഴിക്കുക തുടങ്ങി ഗുരുതരമായ വിശ്വാസ വൈകല്യങ്ങളിലേക്ക് പരീക്ഷണ ഘട്ടത്തിൽ പലരും ചെന്നെത്താറുണ്ട്. എന്നാൽ നാം മുമ്പ് വിശദീകരിച്ച നാലു കാര്യങ്ങൾ -അതാകട്ടെ അല്ലാഹു നമ്മെ പഠിപ്പിച്ചതുമാണ്- നാം മുറുകെ പിടിച്ചാൽ അല്ലാഹു നമുക്ക് നൽകുന്ന വാഗ്ദാനം സന്മാർഗവും അതിലുറച്ചു നിൽക്കാനുള്ള അനുഗ്രഹവുമാണ്. അതത്രെ മഹത്തായ വിജയം.

നാലാമത്തേത്, അല്ലാഹുവിൽനിന്നുള്ള വമ്പിച്ച പ്രതിഫലമാണ്. പ്രവാചകൻﷺ പഠിപ്പിച്ച പ്രാർഥനയിൽ നാം കാണുന്നത്, 'അല്ലാഹുവേ! എന്റെ ഈ വിപത്തിൽ എനിക്കു നീ പ്രതിഫലം നൽകേണമേ' എന്നാണ്.

വിശ്വാസികൾ അനുഭവിക്കുന്ന ഏതു പ്രയാസങ്ങൾക്കും (അത് മനസ്സിന്റെ ഉത്കണ്ഠയും വ്യഥയും ആണെങ്കിൽ പോലും) പ്രതിഫലമുണ്ടെന്നും അവരുടെ പാപങ്ങൾ അതിലൂടെ പൊറുക്കപ്പെടുമെന്നും നബിﷺ നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ക്ഷമാലുക്കൾക്ക് കണക്കുനോക്കാതെയാണ് പ്രതിഫലം നൽകപ്പെടുക എന്നും വിശുദ്ധ ക്വുർആനിൽ നമുക്ക് കാണാം. മാത്രമല്ല മുസ്വീബത്തിൽ ക്ഷമയവലംബിക്കുന്നവർക്ക് വമ്പിച്ച പ്രതിഫലം ഒരുക്കിവച്ചതുകൊണ്ടാണല്ലോ അങ്ങനെ പ്രാർഥിക്കാൻ അല്ലാഹുവും റസൂലും നമ്മെ പഠിപ്പിച്ചത്.

അനുഭവിക്കുന്ന വേദനകളെയും പരീക്ഷണങ്ങളെയും പ്രതിഫലമാക്കിമാറ്റാൻ സാധിക്കുന്ന ഒരു വിശ്വാസി എത്രമാത്രം അനുഗൃഹീതനാണെന്ന് ചിന്തിച്ചു നോക്കൂ!

അഞ്ചാമത്തെത് ദുരന്തത്തിലും പരീക്ഷണത്തിലും നമുക്ക് നഷ്ടപ്പെട്ടതിനെക്കാൾ ഉത്തമമായത് അല്ലാഹു പകരം നൽകും എന്നതാണ്. പ്രവാചകൻﷺ പഠിപ്പിച്ച പ്രാർഥനയിലും നമുക്കതാണ് കാണാൻ സാധിക്കുന്നത്:

'ഞങ്ങൾ അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരാണ്. ഞങ്ങളുടെ മടക്കവും അവന്റെ അടുത്തേക്കാണ്. അല്ലാഹുവേ! എന്റെ ഈ വിപത്തിൽ എനിക്ക് പ്രതിഫലം (പാരിതോഷികം) നൽകേണമേ. അതിനു പകരം അതിലും ഉത്തമമായത് എനിക്ക് നൽകേണമേ' എന്നു പ്രാർഥിച്ചാൽഅതിനെക്കാൾ ഉത്തമമായത് അല്ലാഹു അവന്ന് നൽകാതിരിക്കുകയില്ല'

കുടുംബത്തിൽ മരണം സംഭവിച്ചാൽ 'എനിക്കിനി ആരുമില്ല,' വല്ല നഷ്ടവും സംഭവിച്ചാൽ 'എനിക്കിനി ഒന്നുമില്ല' എന്നെല്ലാം പറഞ്ഞ് വാവിട്ടുകരയുന്നവരെയും, ചിലപ്പോൾ ആത്മഹത്യവരെ ചെയ്യുന്നവരെയും നമുക്ക് ചുറ്റിലും കാണാം. തെളിമയാർന്ന വിശ്വാസത്തിന്റെ അഭാവം തന്നെയാണ് കാരണം. എന്നാൽ വിശ്വാസികൾ അങ്ങനെയല്ല. തനിക്കു നഷ്ടപ്പെട്ടത് അല്ലാഹു നൽകിയതായിരുന്നു എന്നും, അതിനെക്കാൾ മുന്തിയത് തിരിച്ചുനൽകാൻ കഴിവുള്ളവനും കാരുണ്യവാനുമാണ് എന്റെ നാഥനെന്നും മനസ്സിലാക്കുന്ന വിശ്വാസി ആത്മവിശ്വാസത്തിന്റെ പരമോന്നത പീഠത്തിലായിരിക്കും.

ഒരു പരീക്ഷണവും ദുരന്തവും അവനെ തളർത്തുകയോ തകർക്കുകയോ ഇല്ല. അവന് അല്ലാഹുവിൽ നിന്ന് കൂടുതൽ ഉത്തമമായത് ലഭിക്കുകയും ചെയ്യും.

ചുരുക്കത്തിൽ, പരീക്ഷണങ്ങളും ദുരന്തങ്ങളും അനുഭവിക്കുന്നവർക്ക് വമ്പിച്ച ആശ്വാസവാക്കുകളാണ് അല്ലാഹുവിൽനിന്നും ലഭിച്ചിട്ടുള്ളത്. ദുരന്തത്തിൽ അകപ്പെട്ടവർക്ക് കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ ആശ്വാസമായി പ്രഖ്യാപിക്കുന്നതിനെക്കാൾ വിലയേറിയ, അഥവാ വിലമതിക്കാനാവാത്ത അഞ്ചുകാര്യങ്ങളാണ് അല്ലാഹു ആശ്വാസവാക്കുകളായി, വാഗ്ദാനങ്ങളായി പറഞ്ഞിട്ടുള്ളത്.


അതിനു പുറമെ ഏതു പ്രതിസന്ധിയിലും പോസിറ്റീവ് ആയി ചിന്തിക്കാൻ അല്ലാഹു പഠിപ്പിക്കുന്നു.

നാം പലപ്പോഴും പരീക്ഷണങ്ങളെ ദുഃഖവാർത്തകളായിട്ടാണ് കാണാറുള്ളതെങ്കിൽ ഇവിടെ അല്ലാഹു പരീക്ഷണത്തിൽ അകപ്പെട്ടവർക്ക്, ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്തയാണ് നൽകുന്നത്!

'ക്ഷമാലുക്കൾക്ക് സന്തോഷവാർത്ത അറിയിക്കുക' എന്നു പറഞ്ഞാണ് അല്ലാഹു ക്ഷമാലുക്കൾക്കുള്ള നേട്ടങ്ങൾ വിശദീകരിച്ചിട്ടുള്ളത്.

പ്രവാചകന്റെ നിലപാടുകളും അധ്യാപനങ്ങളും നെഗറ്റീവ് ആയി ചിന്തിക്കാനല്ല, മറിച്ച് കാരുണ്യവാനായ അല്ലാഹു കൂടെയുണ്ടെന്നും അവൻ മഹത്തായ നന്മകൾ ഒരുക്കിവച്ചിട്ടുണ്ടെന്നും ഏറ്റവും ഉത്തമമായത് പകരം നൽകുമെന്നുമുള്ള പോസിറ്റീവായ ചിന്തയാണ് നമുക്കു നൽകുന്നത്.

ഇസ്‌ലാം പഠിപ്പിക്കുന്ന ഇത്തരം ഉന്നതമായ കാര്യങ്ങൾ മനസ്സിലാക്കി ഏതു പരീക്ഷണഘട്ടത്തിലും പ്രതീക്ഷയോടെ, പ്രാർഥനയോടെ, സമചിത്തത കൈവിടാതെ, വമ്പിച്ച ആത്മവിശ്വാസത്തോടെയും സമാധാനത്തോടെയും നിലകൊള്ളാൻ പരിശ്രമിക്കുക. സർവശക്തൻ അനുഗ്രഹിക്കട്ടെ.




ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം

# തത്ത്വചിന്തകരുടെ ദൈവവിശ്വാസം

യഥാർഥ ശാസ്ത്രപഠനം മനുഷ്യനെ ദൈവത്തിലേക്കടുപ്പിക്കുകയാണു ചെയ്യുക എന്നത് ശാസ്ത്രത്തിന്റെയും ശാസ്ത്രജ്ഞന്മാരുടെയും ചരിത്രത്തിൽനിന്ന് നാം മനസ്സിലാക്കി. ഇനി യുക്തിവാദ,നിരീശ്വര ചിന്തക്കാർ ദൈവനിഷേധം സ്ഥാപിക്കാൻ തെളിവുപിടിക്കുന്ന രണ്ടു കാര്യങ്ങൾ കൂടിയുണ്ട്:

**(1) പരിണാമസിദ്ധാന്തം. (2) തത്ത്വചിന്ത**

എന്നാൽ ഈ രണ്ടു മേഖലകളുടെയും ശിലാസ്ഥാപകർ ദൈവവിശ്വാസികളായിരുന്നു എന്നതാണു യാഥാർഥ്യം. അതുകൊണ്ട്തന്നെ ഇവരുടെ വീക്ഷണങ്ങൾകൂടി ഇവിടെ ചർച്ച ചെയ്യുന്നത് നന്നായിരിക്കും.

പരിണാമസിദ്ധാന്തത്തെ ശാസ്ത്രത്തിന്റെ ലേബലിൽ നിരീശ്വര വാദക്കാർ അവതരിപ്പിക്കാറുണ്ടെങ്കിലും, അത് ഇന്നേവരെ ശാസ്ത്രീയമായി തെളിയിക്കപ്പെടാത്ത ഒരു 'ചിന്താ പ്രസ്ഥാനം' മാത്രമാണ് എന്നതാണു പരമാർഥം. ദൈവവിശ്വാസത്തിനു യാതൊരു 'ശാസ്ത്രീയ തെളിവുകളും ഇല്ല' എന്ന് ദൈവവിശ്വാസികളെ പരിഹസിക്കുന്ന നിരീശ്വരന്മാർ പക്ഷേ, കുരങ്ങിൽനിന്ന് മനുഷ്യൻ ഉണ്ടായി എന്ന് യാതൊരു 'ശാസ്ത്രീയ തെളിവിന്റെയും' അടിസ്ഥാനമില്ലാതെ അന്ധമായി വിശ്വസിക്കുന്നു എന്നത് എന്തുമാത്രം പരിഹാസ്യമാണ്!

## ആദ്യകാല പരിണാമവാദികളെല്ലാം ദൈവവിശ്വാസികൾ!

ദൈവവിശ്വാസത്തിനെതിരെയും സൃഷ്ടിവാദത്തിനെതിരെയും വലിയൊരു തെളിവായി ഇവർ കൊണ്ടു വരാറുള്ള പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്ന വ്യക്തിയായ ചാൾസ് ഡാർവിൻ ഒരു ക്രൈസ്തവ വിശ്വാസിയായിരുന്നു എന്നതാണു വാസ്തവം. അദ്ദേഹം പറയുന്നത് കാണുക:

'ഈ പ്രപഞ്ചത്തിന്റെ മനോഹാരിതയും മനുഷ്യന്റെ ഘടനയുമൊക്കെ നോക്കിക്കൊണ്ട് ഇതൊക്കെ താനെ ഉണ്ടായതാണെന്ന് വിശ്വസിക്കുന്നതിൽ ഞാൻ തൃപ്തനല്ല. എല്ലാം വ്യവസ്ഥാപിതമായി സംവിധാനിക്കപ്പെട്ടായി ഞാൻ കാണുന്നു' (Darwin's letter to Asa Gray, May22, 1860, Archived by Darwin correspondence project, Universtiy of Cambridge).

1879ൽ മരണപ്പെടുന്നതിന്റെ മൂന്നുവർഷം മുമ്പ് തന്റെ സുഹൃത്തായ ജോൺ ഫോർഡിസിനു എഴുതിയ കത്തിൽ ഡാർവിൻ ഇങ്ങനെ എഴുതിയതായി കാണാം: 'ഞാൻ ഒരിക്കലും ദൈവത്തെ നിഷേധിക്കുന്ന തരത്തിലുള്ള ഒരു നിരീശ്വരവാദിയല്ല' (Charls Darwin, Letter to John Fordyce, 7th May, 1879).

അതുകൊണ്ട്തന്നെയായിരിക്കാം ആദ്യകാലത്തുള്ള പരിണാമവാദികളൊന്നും തന്നെ പരിണാമ സിദ്ധാന്തത്തെ ദൈവനിഷേധം പ്രചരിപ്പിക്കാനുള്ള ഒരു ആയുധമായി കണ്ടിരുന്നില്ല. മാത്രമല്ല, അന്നത്തെ അറിയപ്പെട്ട പരിണാമവാദികളായിരുന്ന ഏണസ്റ്റ് ഹേക്കലും, തോമസ് ഹക്സിലിയുമൊക്കെ ദൈവവിശ്വാസികൾ കൂടിയായിരുന്നുവെന്ന് കാണാം. ഹേക്കൽ പറയുന്നത് കാണുക: 'ഏകനായ ഒരു ദൈവം, അത് മാത്രമാണു പ്രകൃതിയെ പറ്റി നാം ഇപ്പോൾ മനസ്സിലാക്കിയതുമായി ഒത്തുപോകുന്ന ഒരേ ഒരു വീക്ഷണം. ഒരു ദൈവചൈതന്യം നമുക്ക് എല്ലാത്തിലും കാണാവുന്നതാണ്' (The Confession of faith of a man of science by Ernst Haeckel,1892).

ഏകനായ ഒരു ദൈവമാണ് ഈ പ്രപഞ്ചത്തെ ചലിപ്പിക്കുന്നത് എന്നതാണു തന്റെ വിശ്വാസമെന്നും (പേജ്: 15) ആ ദൈവം എപ്പോഴും നമ്മുടെ കൂടെ ഉണ്ടായിരിക്കട്ടെ (പേജ്: 89) എന്നും ഹേക്കൽ ഇതേ പുസ്തകത്തിൽ പറയുന്നുണ്ട്.

ഡാർവിനിസത്തിന്റെ ശക്തനായ വക്താവായതു കാരണം 'ഡാർവിന്റെ വളർത്തുനായ' എന്ന് വിളിക്കപ്പെട്ടിരുന്ന ഹക്സിലിയും ഒരു ദൈവവിശ്വാസിയായിരുന്നു. അദ്ദേഹം പറയുന്നത് കാണുക: 'പ്രകൃതിശാസ്ത്രം പഠിക്കുന്ന ഒരു വിദ്യാർഥിക്ക് ഈ പ്രപഞ്ചത്തിന്റെ തുടക്കത്തെ കുറിച്ച് പഠിക്കുമ്പോൾ ബാഹ്യമായ ഒരു ശക്തിയുടെ ഇടപെടലിനെ നിഷേധിക്കാൻ സാധ്യമല്ല' (Science & Morals, Huxley, 1886).

പരിണാമവാദത്തിന്റെ തലതൊട്ടപ്പന്മാർ ദൈവവിശ്വസികളും എന്നാൽ ഇന്ന് ഈ സിദ്ധാന്തം പേറുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർ ദൈവനിഷേധികളുമാണ് എന്നത് എന്തുമാത്രം വലിയ വിരോധാഭാസമാണ്! ഡാർവിനെയും ഹക്സിലിയെയും ഹേക്കലിനെയുമൊക്കെ അന്ധവിശ്വാസികളും പിന്തിരിപ്പന്മാരുമായി ഇവർ മുദ്രകുത്തുമോ എന്ന് എന്നറിയാൻ കൗതുകമുണ്ട്.

## പ്രമുഖരായ തത്ത്വചിന്തകരെല്ലാം ദൈവവിശ്വാസികൾ!

ശാസ്ത്രത്തിന്റെയും പരിണാമവാദത്തിന്റെയും കൂടെ ചിലപ്പോൾ തത്ത്വചിന്തകളും യുക്തിചിന്തകളും കൂട്ടിക്കുഴച്ചാണു ദൈവത്തിന്റെ അസ്തിത്വത്തെ നിരീശ്വര പ്രസ്ഥാനക്കാർ ചോദ്യം ചെയ്യാറുള്ളത്. അതുകൊണ്ടാണ് ഈ വിഷയം കൂടി ഇവിടെ സൂചിപ്പിക്കുന്നത്. നാം അറിഞ്ഞിരിക്കേണ്ട ശ്രദ്ധേയമായ ഒരു വസ്തുത എന്തെന്നാൽ തത്ത്വചിന്തയിലും യുക്തിചിന്തയിലും അവഗാഹം നേടിയവരിൽ ഭൂരിഭാഗം പേരും ദൈവവിശ്വാസികളായിരുന്നു എന്നതാണ്. തത്ത്വചിന്തയുടെയും യുക്തിചിന്തകളുടെയും അടിസ്ഥാനങ്ങൾക്ക് ബീജം നൽകിയ പ്രമുഖരായ ചിന്തകരാരും ദൈവത്തെ നിഷേധിച്ചിട്ടില്ല. എന്നാൽ ഓരോരുത്തരുടെയും സ്വതന്ത്രചിന്തയിൽ നിന്നുള്ള വീക്ഷണങ്ങളായതിനാൽ ദൈവത്തെ പറ്റി അഭിപ്രായ വ്യത്യാസങ്ങൾ അവർക്കിടയിൽ ഉണ്ടായിട്ടുണ്ട്. വിവിധ ഫിലോസഫർമാരും അവരുടെ വീക്ഷണങ്ങളും എന്തൊക്കെയായിരുന്നുവെന്ന് നോക്കാം.

**(1) തൈൽസ് (ബി.സി: 634-546):** ഇദ്ദേഹമാണു ഗ്രീസിലെ ആദ്യത്തെ തത്ത്വചിന്തകൻ. ഇദ്ദേഹം വിശ്വസിച്ചിരുന്നത് 'ഒരു തുടക്കമില്ലാത്ത, ആദ്യം മുതലേയുള്ള, ആരെയും ആശ്രയിക്കാത്ത, എല്ലാത്തിനെയും സൃഷ്ടിച്ച ഒരു ദൈവം ഉണ്ട്' എന്നായിരുന്നു.

**(2) സോക്രട്ടീസ് (ബി.സി:469-399):** ഈ പ്രപഞ്ചത്തിന്റെ ഘടനാസംവിധാനത്തിലും സൗകുമാര്യത്തിലും കൃത്യതയിലും താളത്തിലും ഒരു ദൈവത്തിന്റെ ശക്തി ഒളിഞ്ഞിരിക്കുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു.

**(3) പ്ലാറ്റോ (ബി.സി:428-348):** ഇദ്ദേഹവും യുക്തിചിന്തയുടെ അടിസ്ഥാനത്തിൽ ഈ പ്രപഞ്ചത്തിനൊരു സ്രഷ്ടാവായ ദൈവം ഉണ്ട് എന്ന വീക്ഷണക്കാരനായിരുന്നു.

**(4) അരിസ്റ്റോട്ടിൽ (ബി.സി: 384 -322):** അരിസ്റ്റോട്ടിലാണു ലോകം ഇതുവരെ കണ്ടതിൽ 'ഏറ്റവും വലിയ തത്ത്വചിന്തകനും യുക്തിചിന്തയുടെ സ്ഥാപക പിതാവ്' എന്നും അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ യുക്തിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം എത്തിച്ചേർന്ന നിഗമനം ലോകത്തിനു പിന്നിൽ ഒരു ദൈവം ഉണ്ട് എന്നാണ്. ആകാശഗോളങ്ങളുടെ സംവിധാനത്തെയും നിയന്ത്രിതമായ സഞ്ചാരപഥങ്ങളെയും ഉദ്ധരിച്ചുകൊണ്ട് ഇതിനു പിന്നിൽ ഒരു സ്രഷ്ടാവും നിയന്താവുമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു.

മുകളിൽ പറഞ്ഞവരൊക്കെ ഒരേ സമയം തത്ത്വചിന്തകരും ശാസ്ത്രജ്ഞരുമായിരുന്നു.

**(5) തോമസ് അക്വിനാസ് (1225-1274):** മധ്യകാലഘട്ടത്തിൽ ജീവിച്ച ഏറ്റവും വലിയ തത്ത്വചിന്തകൻ. കത്തോലിക്ക പുരോഹിതൻ. ദൈവം ഉണ്ടെന്ന് സ്ഥാപിക്കാൻ ബുദ്ധിപരമായ തത്ത്വങ്ങൾ അദ്ദേഹം മുന്നോട്ട് വെക്കുന്നുണ്ട്.

**(6) ലോർഡ് ഫ്രാൻസിസ് ബേക്കൺ (1561-1626):** പ്രമുഖ ശാസ്ത്രചിന്തകനും തത്ത്വജ്ഞാനിയും. 'തെളിവുകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ക്രമാനുഗതമായ അനുമാനങ്ങളിലൂടെ യുക്തിപരവും ശാസ്ത്രീയവുമായ നിഗമനങ്ങളിൽ' എത്തിച്ചേരുന്ന Inductive Logic രീതി വികസിപ്പിച്ചെടുത്തത് ഇദ്ദേഹമാണ്.

അദ്ദേഹത്തിന്റെ അനുമാനപ്രകാരം അദ്ദേഹം എത്തിച്ചേർന്നത് ഒരു ദൈവം ഉണ്ട് എന്ന നിഗമനത്തിലായിരുന്നു. മാത്രമല്ല, അദ്ദേഹം നിരീശ്വരവാദികൾക്ക് ശക്തമായ മറുപടി നൽകുകയും ചെയ്ത വ്യക്തിയാണ്. ബേക്കൺ പറഞ്ഞു: 'ഫിലോസഫിയിലുള്ള അൽപജ്ഞാനം നിന്നെ ദൈവ നിഷേധിയാക്കിയേക്കാം. എന്നാൽ അതിലുള്ള ആഴത്തിലുള്ള പഠനം നിന്നെ ഒരു ദൈവ വിശ്വാസിയാക്കും' (Essays of Lord Bacon (1625), Page: 90).

ബേക്കൺ പറഞ്ഞത് ശരിയാണെങ്കിൽ ഇന്ന് നാം കാണുന്ന പല നിരീശ്വര വാദികളും ഫിലോസഫിയിൽ 'അൽപജ്ഞാനം' മാത്രം ഉള്ളവരാണെന്ന് നാം കരുതേണ്ടി വരും.

**(7) റെനെ ഡെസ്കാർട്ടസ് (1596-1650):** ആധുനിക തത്ത്വചിന്തയുടെ സ്ഥാപകൻ എന്നറിയപ്പെടുന്നു. പ്രപഞ്ച സ്രഷ്ടാവായ ഒരു ദൈവമുണ്ടെന്നും മനുഷ്യർക്ക് ആത്മാവുണ്ടെന്നും ആത്മാവ് നശിക്കില്ലെന്നും അദ്ദേഹം സിദ്ധാന്തിച്ചു.

**(8) ഇമ്മാനുവൽ കാന്റ് (1724-1804):** പാശ്ചാത്യ ഫിലോസഫർമാരിൽ പ്രസിദ്ധനായ വ്യക്തിയാണു കാന്റ്. അദ്ദേഹം എഴുതി: 'ഒരു ദൈവമുണ്ടെന്നും മരണാന്തരം ഒരു ജീവിതമുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. ഒന്നിനും എന്റെ ഈ വിശ്വാസത്തെ തകർക്കാനാവില്ല' (Critique of pure reason, 856, Immanuel Kant).

മറ്റൊരു ഗ്രന്ഥത്തിൽ കാന്റ് പറയുന്നത് കാണുക: 'ദൈവമാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത്. ആ ദൈവത്തിന്റെ നിയമങ്ങളെ അനുസരിക്കുകവഴി മാത്രമെ മനുഷ്യർക്ക് ആ ദൈവത്തെ ആദരിക്കാൻ കഴിയൂ' (Lectures on Philosophical theology, Page 142,143).

ആ ദൈവം നമ്മോട് സ്നേഹമുള്ളവനാണെന്നും ആ ദൈവത്തോടുള്ള ഇഷ്ടം കാണിക്കാൻ നാം അവന്റെ നിയമങ്ങൾ പാലിക്കേണ്ടതുണ്ടെന്നും കാന്റ് നിരീക്ഷിക്കുന്നുണ്ട്. (അതേ പുസ്തകം, പേജ് 156).

**(9) ജാക്വസ് റൂസ്സോ (1712-1778):** ഇദ്ദേഹത്തിന്റെ ചിന്തകളാണു ഫ്രഞ്ച് വിപ്ലവത്തിനു പ്രചോദനവും ദിശയും നൽകിയത്. അദ്ദേഹം പറയുന്നത് കാണുക: '(പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന) ഈ ശക്തി സ്വയം ഉദ്ദേശിക്കുന്നവനും ഉദ്ദേശിച്ചത് പ്രവർത്തിക്കാൻ കഴിവുള്ളവനുമായിരിക്കാം. ഈ ശക്തിയാണ് പ്രപഞ്ചത്തെ ചലിപ്പിക്കുന്നത്. ഇതാകുന്നു ഞാൻ വിളിക്കുന്ന ദൈവം. ഈ ദൈവം ബുദ്ധിയും ശക്തിയും കഴിവും ദയയുമുള്ളവനാണെന്ന് ഞാൻ പറയും' (Emile (1762) by Rousseau, Quoted in the book Rousseau,1911, Part 4).

**(10) വോൾടയർ (1694 1778):** ഫ്രഞ്ച് തത്ത്വചിന്തകനും ചരിത്രകാരനും. ഇദ്ദേഹവും റൂസ്സോയോട് (മുകളിൽ പറഞ്ഞ വ്യക്തി) ഒപ്പം ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച വ്യക്തിയാണ്. അദ്ദേഹം എഴുതി:

'ഇന്നത്തെ രാത്രി ഞാൻ ഒരുപാട് ചിന്തിച്ചിരുന്നു. പ്രകൃതിയെ പറ്റിയുള്ള ചിന്തയിൽ ഞാൻ നിമഗ്ന

നായി. അതിലെ ശക്തിയെ പറ്റിയും ചലനങ്ങളെ പറ്റിയും താളത്തെ പറ്റിയും ഞാൻ അത്ഭുതപ്പെടുന്നു. എന്നാൽ അതിലേറെ എന്നെ അത്ഭുതപ്പെടുത്തുന്നത് ഇവകളെ ചലിപ്പിക്കുന്നതിനു പിന്നിലുള്ള ബുദ്ധിയെ പറ്റിയാണ്. ഈ അത്ഭുതങ്ങളെ പറ്റി അത്ഭുതപ്പെടാത്തവൻ അന്ധത ബാധിച്ചവനാണ്. ഈ അത്ഭുതങ്ങളുടെ കർത്താവിനെ (ദൈവത്തെ) തിരിച്ചറിയാത്തവൻ ഒരു വിഡ്ഢിയായിരിക്കും. ആ ശക്തിയെ വണങ്ങാത്തവനും വിഡ്ഢിയായിരിക്കും' (Voltaire, as cited by Redman, 1963, Page: 183).

നോക്കുക, ഇവരൊന്നും ഏതെങ്കിലും വെളിപാടിന്റെയോ വേദഗ്രന്ഥത്തിന്റെയോ അടിസ്ഥനത്തിൽ സംസാരിക്കുകയല്ല, മറിച്ച് 'മനുഷ്യന്റെ ശുദ്ധപ്രകൃതിയിൽ' (ഫിത്‌റ) നിന്നുണ്ടാകുന്ന ചിന്ത ഈ ലോകത്തിനു ഒരു ദൈവം/സ്രഷ്ടാവ്/നിയന്താവ് ഉണ്ട് എന്നതിലേക്കാണു വിരൽ ചൂണ്ടുക എന്നതാണ്. വാസ്തവം.

**(11) സ്പിനോസ ( 1632-1677):** ഡച്ച് തത്ത്വചിന്തകൻ. സ്പിനോസ ഒരു ദൈവവിശ്വാസിയായിരുന്നു. അദ്ദേഹം പറയുന്നത് കാണുക: 'ഒരു ദൈവം ഉണ്ട് എന്ന കാര്യത്തിൽ ഉറപ്പുള്ളതിനെക്കാൾ നമുക്ക് മറ്റൊരുകാര്യത്തിലും ഉറപ്പില്ല. അവൻ എന്നും നിലനിൽക്കുന്നവനും പൂർണതയുള്ളവനുമാണ്' (Ethics, by Spinoza, quoted in the work on Spinoza (1883), Part 1).

'ദൈവം എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്, എന്നെന്നുമുള്ളവൻ എന്നാണ്. നിരവധി ഗുണ വിശേഷണങ്ങളോടുകൂടിയവൻ' (Ethics, by Spinoza, quoted in the work on Spinoza (1883), Part 1, Note 11).



**(12) ഡേവിഡ് ഹ്യൂം (1711-1776):** സ്‌കോട്ടിഷ് ഫിലോസഫർ, ചരിത്രകാരൻ. അദ്ദേഹം പറയുന്നത് കാണാം: 'പ്രകൃതിയുടെ നിർമാണത്തെ കുറിച്ച് നാം ചിന്തിക്കുമ്പോൾ അദൃശ്യനായ, ബുദ്ധിമാനായ ഒരു ശക്തിയെ നമുക്ക് തിരിച്ചറിയാനാകും. ഈ വിശാലമായ (പ്രപഞ്ചമെന്ന) 'മെഷീൻ' നിർമിക്കുകയും അതിന്റെ പാർട്‌സുകൾ കൃത്യമായി അഡ്ജസ്റ്റ് ചെയ്യുകയും ചെയ്ത ഏകനായ ഒരു ശക്തി. പ്രകൃതിയുടെ ഈ പരസ്പര ബന്ധിതമായ താളത്തെ കുറിച്ച് ചിന്തിക്കുമ്പോൾ ഏകനായ ഡിസൈനറിലേക്ക് നമ്മുടെ മനസ്സിനെ എത്തിക്കുന്നു' (The Natural history of religion, by David Hume (1757).

**(13) ലുഡ്‌വിഗ് വിറ്റ്‌ഗൻസ്റ്റീൻ (1889-1951):** അനലറ്റിക്കൽ ഫിലോസഫിയുടെ സ്ഥാപകൻ. ഇദ്ദേഹത്തെ കുറിച്ച് 'എൻസൈക്ലോപീഡിയ ബ്രിട്ടാണിക്ക' പറയുന്നത് കാണുക: 'വിറ്റ്ഗൻസ്റ്റീൻ 20ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ഫിലോസഫറാണ്' (97 എഡിഷൻ).

താൻ ഒരു ദൈവവിശ്വാസിയാണെന്നും ആ ദൈവത്തോട് എല്ലാദിവസവും താൻ പ്രാർഥിക്കാറുണ്ടെന്നും അദ്ദേഹം പറയുന്നുണ്ട്. അദ്ദേഹം പറയുന്നത് കാണുക: 'ദൈവത്തെ മനസ്സിലാക്കുക എന്നാൽ ജീവിതത്തെ കുറിച്ചുള്ള നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരം മനസ്സിലാക്കുക എന്നാണ്. ദൈവത്തിൽ വിശ്വസിക്കുക എന്നാൽ നാം ഈ കാണുന്ന ലോകമല്ല കാര്യങ്ങളുടെ അവസാനം എന്ന് ഉൾക്കൊള്ളലാണ്. ദൈവത്തിൽ വിശ്വസിക്കുക എന്നാൽ ഈ ജീവിതത്തിനു ഒരു ഉദ്ദേശ്യം ഉണ്ട് എന്നാണ്' (Contemporary Jewish religious thoughts, by Arthur Allen Cohen, 1988, Page: 567).

**(14) ആന്റണി ഫ്‌ല്യൂ (1923-2010):** ഈയടുത്ത കാലത്ത് മരണപ്പെട്ട ബ്രിട്ടീഷ് ഫിലോസഫർ. ഓക്‌സ്‌ഫോർഡ്, കീൽ, റീഡിംഗ്, കാനഡയിലെ യോർക്ക് യുണിവേഴ്‌സിറ്റി എന്നിവിടങ്ങളിൽ ഫിലോസഫി പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഒരുകാലത്ത് നിരീശ്വര തത്ത്വചിന്തയുടെ യൂറോപ്പിലെ 'ബ്രാൻഡ് അംബാസ്സഡർ' ആയിരുന്നു. ദൈവവിശ്വാസികളുമായി നിരവധി

സംവാദങ്ങൾ നടത്തിയിട്ടുണ്ട്. ദൈവവിശ്വാസത്തെ വിമർശിച്ചുകൊണ്ട് 30 ഓളം പുസ്തകം എഴുതിയിട്ടുണ്ട്. ജീവിതത്തിന്റെ 50 വർഷങ്ങൾ നിരീശ്വര ചിന്ത പ്രചരിപ്പിക്കാൻ മാറ്റിവച്ച അദ്ദേഹം പക്ഷേ, അവസാനകാലത്ത് ദൈവത്തെ പറ്റിയുള്ള തന്റെ നിലപാട് മാറ്റിയതായി പ്രഖ്യാപിച്ചു. കൂടുതൽ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രപഞ്ചത്തിന് ഒരു ബുദ്ധിമാനായ, സ്രഷ്ടാവായ ദൈവം ഉണ്ടെന്ന് തനിക്ക് ബോധ്യപ്പെട്ടതായി 2004ൽ അദ്ദേഹം പ്രഖ്യാപിച്ചു. ശേഷം ദൈവവിശ്വാസത്തിനു തനിക്കുള്ള ശാസ്ത്രീയവും തത്ത്വചിന്താപരവും യുക്തിപരവുമായ തെളിവുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് എഴുതിയ പുസ്തകമാണ് 'ദേർ ഈസ് എ ഗോഡ്' എന്നത്. ഈ പുസ്തകം പുറത്തുവന്ന് 3 വർഷത്തിനു ശേഷം (2010) അദ്ദേഹം മരിക്കുകയും ചെയ്തു.

**(15) റിച്ചാർഡ് സ്വിൻബേൺ (1934):** ഇദ്ദേഹം ഓക്സ്ഫോഡ് യൂണിവേഴ്സിറ്റിയിലെ ഫിലോസഫി പ്രൊഫസറാണ്. ദൈവവിശ്വാസിയായ അദ്ദേഹം അവതരിപ്പിക്കുന്ന വാദം രസകരമാണ്. അദ്ദേഹം പറയുന്നു: 'ശാസ്ത്രജ്ഞരും ചരിത്രകാരന്മാരും കുറ്റാന്വേഷകരും ചെയ്യുന്നത് ലഭ്യമായ ഡാറ്റകളും തെളിവുകളും പരിശോധിക്കുകയും എന്നിട്ട് അവയെ അടിസ്ഥാനപ്പെടുത്തി നിഗമനങ്ങളും തത്ത്വങ്ങളും രൂപീകരിക്കുക എന്നതാണ്.'

'ഇതേ സമീപനം നാം സ്വീകരിക്കുകയാണെങ്കിൽ, പ്രപഞ്ചത്തിന്റെ ഘടനയും പ്രവർത്തനങ്ങളും ജീവജാലങ്ങളുടെ സങ്കീർണമായ ശരീരങ്ങളും മറ്റു പ്രാപഞ്ചിക അത്ഭുതങ്ങളുമൊക്കെ നാം സസൂക്ഷ്മം വിലയിരുത്തുകയാണെങ്കിൽ നമ്മൾ എത്തിച്ചേരുന്ന നിഗമനം ഒരു ദൈവം ഉണ്ട് എന്നുതന്നെയാണ്. തെളിവുകളുടെ അടിസ്ഥാനത്തിൽ നിഗമനത്തിലെത്തുക എന്നതാണല്ലോ ശാസ്ത്രീയ അപഗ്രഥന രീതി' (Is there a God?, by Richard Swinburne, Oxford Univ. Press, 1996).

പ്രൊഫസർ പറഞ്ഞത് 100 ശതമാനവും ശരിയാണ്. നമുക്ക് ചുറ്റിലുമുള്ള തെളിവുകളെ സസൂക്ഷ്മം നിരീക്ഷിച്ച് വിലയിരുത്തി ആ തെളിവുകളിലൂടെയും ഡാറ്റകളിലൂടെയും ഒരു നിഗമനത്തിലെത്താൻ വിശുദ്ധ ക്വുർആൻ മനുഷ്യരോട് ആവശ്യപ്പെടുന്നത് കാണാം. ക്വുർആനിലെ ചില വചനങ്ങൾ കാണുക:

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറിമാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീഎത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ" (ക്വുർആൻ 3:190,191).

'ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപകലുകളുടെ മാറ്റത്തിലും, മനുഷ്യർക്ക് ഉപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാശത്തുനിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥയ്ക്കു ശേഷം ഭൂമിക്ക് അതുമുഖേന ജീവൻനൽകിയതിലും, ഭൂമിയിൽ എല്ലാതരം ജന്തുവ ർഗങ്ങളെയും വ്യാപിപ്പിച്ചതിലും, കാറ്റുകളുടെ ഗതിക്രമത്തിലും, ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച" (ക്വുർആൻ 2:164).

"ഇത് സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽ തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ രക്ഷിതാവ് ഏത് കാര്യത്തിനും സാക്ഷിയാണ് എന്നതുതന്നെ മതിയായതല്ലേ?" (ക്വുർആൻ 41:53).

ഇനി നാം വിലയിരുത്തുക; വേദഗ്രന്ഥങ്ങളും പ്രവാചകന്മാരും പ്രകൃതിപഠനങ്ങളും ശാസ്ത്രപഠനങ്ങളും ഫിലോസഫിയും (ശരിയായ)യുക്തിചിന്തയുമെല്ലാം നിലകൊള്ളുന്നത് ദൈവത്തിന്റെ പക്ഷത്താണ്. നിരീശ്വരവാദികളുടെ കൈവശം യാതൊരു തെളിവുമില്ല, ആകെ കൈമുതലായിട്ടുള്ളത് ഒന്നാന്തരം 'അഹങ്കാരം' മാത്രമാണ്. അല്ലാഹു പറഞ്ഞതെത്ര സത്യം:

"യാതൊരു അറിവോ, മാർഗദർശനമോ, വെളിച്ചം നൽകുന്ന ഗ്രന്ഥമോ ഇല്ലാതെ, അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവനും മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അഹങ്കാരത്തോടെ തിരിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തെറ്റിച്ചുകളയാൻ വേണ്ടിയത്രെ (അവൻ അങ്ങനെ ചെയ്യുന്നത്). ഇഹലോകത്ത് അവന്ന് നിന്ദ്യതയാണുള്ളത്. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ചുട്ടെരിക്കുന്ന ശിക്ഷ അവന്ന് നാം ആസ്വദിപ്പിക്കുകയും ചെയ്യും" (ക്വുർആൻ 22:8,9). **(അവസാനിച്ചു)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 61, ഭാഗം: 4

# സ്വഫ്ഫ് (അണി)

(മക്കയിൽ അവതരിച്ചത്)

تُؤْمِنُونَ بِٱللَّهِ وَرَسُولِهِۦ وَتُجَٰهِدُونَ فِى سَبِيلِ ٱللَّهِ
بِأَمْوَٰلِكُمْ وَأَنفُسِكُمْ ۚ ذَٰلِكُمْ خَيْرٌ لَّكُمْ
إِن كُنتُمْ تَعْلَمُونَ ﴿١١﴾
يَغْفِرْ لَكُمْ ذُنُوبَكُمْ وَيُدْخِلْكُمْ جَنَّٰتٍ تَجْرِى
مِن تَحْتِهَا ٱلْأَنْهَٰرُ وَمَسَٰكِنَ طَيِّبَةً فِى جَنَّٰتِ
عَدْنٍ ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٢﴾
وَأُخْرَىٰ تُحِبُّونَهَا ۖ نَصْرٌ مِّنَ ٱللَّهِ وَفَتْحٌ قَرِيبٌ ۗ
وَبَشِّرِ ٱلْمُؤْمِنِينَ ﴿١٣﴾
يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوٓا۟ أَنصَارَ ٱللَّهِ كَمَا
قَالَ عِيسَى ٱبْنُ مَرْيَمَ لِلْحَوَارِيِّـۧنَ مَنْ
أَنصَارِىٓ إِلَى ٱللَّهِ ۖ قَالَ ٱلْحَوَارِيُّونَ نَحْنُ
أَنصَارُ ٱللَّهِ ۖ فَـَٔامَنَت طَّآئِفَةٌ مِّنۢ بَنِىٓ
إِسْرَٰٓءِيلَ وَكَفَرَت طَّآئِفَةٌ ۖ فَأَيَّدْنَا ٱلَّذِينَ ءَامَنُوا۟
عَلَىٰ عَدُوِّهِمْ فَأَصْبَحُوا۟ ظَٰهِرِينَ ﴿١٤﴾

11. നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കണം. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സ്വത്തുക്കൾകൊണ്ടും ശരീരങ്ങൾകൊണ്ടും നിങ്ങൾ സമരം ചെയ്യുകയും വേണം. അതാണ് നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്. നിങ്ങൾ അറിവുള്ളവരാണെങ്കിൽ.

12. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിലും സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളിലെ വിശിഷ്ടമായ വസതികളിലും അവൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അതത്രെ മഹത്തായ ഭാഗ്യം.

13. നിങ്ങൾ ഇഷ്ടപ്പെടുന്ന മറ്റൊരു കാര്യവും (അവൻ നൽകുന്നതാണ്). അതെ, അല്ലാഹുവിങ്കൽനിന്നുള്ള സഹായവും ആസന്നമായ വിജയവും. (നബിയേ,) സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുക.

14. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിരിക്കുക. മർയമിന്റെ മകൻ ഈസാ അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട് എന്ന് ഹവാരികളോട് ചോദിച്ചതു പോലെ. ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. അപ്പോൾ ഇസ്രാഈൽ സന്തതികളിൽപെട്ട ഒരുവിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട് വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരിൽ നാം പിൻബലം നൽകുകയും അങ്ങനെ അവൻ മികവുറ്റവരായിത്തീരുകയും ചെയ്തു.

11). ഈ കച്ചവടമേതാണെന്നാണ് തുടർന്ന് പറയുന്നത്. (നിങ്ങൾ അല്ലാഹുവിലും അവന്റെദൂതനിലും വിശ്വസിക്കണം) സത്യപ്പെടുത്താൻ അല്ലാഹു കൽപിച്ചതിനെ ഉറപ്പോടെ സത്യപ്പെടുത്തുക എന്നതാണ് സമ്പൂർണ ഈമാൻ എന്നത് അറിയാവുന്ന കാര്യമാണ്, അത് അനിവാര്യമാക്കുന്ന ശാരീരിക പ്രവർത്തനങ്ങളുമുണ്ടാകണം. അല്ലാഹുവിന്റെ മാർഗത്തിലുള്ള സമരം അതിൽപെട്ടതാണ്. അതാണ് തുടർന്ന് പറഞ്ഞത്. (അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സ്വത്തുക്കൾകൊണ്ടും ശരീരങ്ങൾ കൊണ്ടും നിങ്ങൾ സമരംചെയ്യുകയും വേണം) നിങ്ങളുടെ ശരീരവും ജീവനും ഇസ്‌ലാമിന്റെ ശത്രുവിനോട് ഏറ്റുമുട്ടാൻ ചെലവഴിക്കണമെന്ന്. ഉദ്ദേശ്യം അല്ലാഹുവിന്റെ ദീനിനെ സഹായിക്കലും അവന്റെ വചനം ഉന്നതമാക്കലും ആയിരിക്കണം. ആ ആവശ്യത്തിലേക്ക് സാധിക്കുന്ന നിങ്ങളുടെ ധനം നിങ്ങൾ ചെലവഴിക്കുകയും ചെയ്യണം. അത് സ്വന്തങ്ങൾക്ക് പ്രയാസവും വിഷമവും ഉള്ളതാണെങ്കിലും. (അതാണ് നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്. നിങ്ങൾ അറിവുള്ളവരാണെങ്കിൽ) അതിലുള്ള ഇഹലോകനന്മ ശത്രുവിനെതിരെയുള്ള വിജയവും നിന്ദ്യതയെ നിരാകരിക്കുന്ന പ്രതാപവും വിശാലമായ ഉപജീവനവും മനസ്സിന്റെ വിശാലതയും സന്തോഷവുമാണ്. പാരത്രികനന്മയാകട്ടെ, അല്ലാഹുവിന്റെ പ്രതിഫലം നേടി വിജയിക്കലും ശിക്ഷയിൽനിന്നുള്ള രക്ഷയുമാണ്.

12). പരലോകത്തെ പ്രതിഫലത്തെക്കുറിച്ച് പറയുന്നു: (എങ്കിൽ നിങ്ങൾക്കവൻ നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും) അതിൽ ചെറുതും വലുതുമായ പാപങ്ങൾ ഉൾപ്പെടും. അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ മാർഗത്തിലുള്ള ധർമസമരവും പാപങ്ങളെ മായ്ച്ചുകളയുന്നതാണ്; മഹാപാപങ്ങളായിരുന്നാലും ശരി. (താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിലും അവൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യും) അതായത്, അതിലെ താമസസ്ഥലങ്ങളുടെയും കൊട്ടാരങ്ങളുടെയും മണിമാളികകളുടെയും മരങ്ങളുടെയും അടിയിലൂടെ, പകർച്ചവരാത്ത വെള്ളത്തിന്റെ അരുവികളും രുചിഭേദംവരാത്ത പാലിന്റെ അരുവികളും കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ അരുവികളും ശുദ്ധീകരിക്കപ്പെട്ട തേനിന്റെ അരുവികളുമൊഴുകും. അവർക്കതിൽ എല്ലാതരം കായ്കനികളുമുണ്ട്. (സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളിലെ വിശിഷ്ടമായ വസതികളിലും) എല്ലാ സവിശേഷതകളും ഒത്തിണങ്ങിയതാണത്. ഔന്നത്യം, ഉയരം, നിർമാണഭംഗി, അലങ്കാരം എന്നിവയെല്ലാം. എത്രത്തോളമെന്നാൽ ഉന്നതസ്വർഗത്തിലെ മാളികകളിൽ ഉള്ളവരെ സ്വർഗക്കാർ അന്യോന്യം കാണിക്കപ്പെടും; പടിഞ്ഞാറെ ചക്രവാളത്തിലോ കിഴക്കെ ചക്രവാളത്തിലോ ജ്വലിക്കുന്ന നക്ഷത്രത്തെ കാണിക്കപ്പെടുന്നതു പോലെ. സ്വർഗത്തിലെ ചില മന്ദിരങ്ങൾ സ്വർണത്തിന്റെ ഇഷ്ടികകൊണ്ടാണ്. ചിലത് വെള്ളികൊണ്ടും. അതിലെ ടെന്റുകൾ മുത്തും പവിഴവുംകൊണ്ടും. ചില വീടുകളാകട്ടെ, നിറം നൽകപ്പെട്ട രത്നം, മരതകം എന്നിവകൊണ്ടുമാണ്. അതിന്റെ തെളിമയാകട്ടെ, അകത്തുനിന്ന് പുറവും പുറത്തുനിന്ന് അകവും കാണത്തക്ക വിധത്തിലാണ്. അതിന്റെ ഭംഗിയും വിശേഷവും വർണിക്കാൻ ഒരു വർണിക്കുന്നവനും സാധ്യമല്ല. ലോകത്ത് ഒരാളുടെ ഹൃദയത്തിലും അത് സങ്കൽപിക്കാനാവില്ല. അത് മനസ്സിലാക്കാൻ അതിന്റെ ഭംഗി കണ്ടനുഭവിക്കുന്നതുവരെ സാധ്യമല്ല. അത് അവരുടെ കൺകുളിർപ്പിക്കും.

> **സ്വർഗത്തിലെ ചില മന്ദിരങ്ങൾ സ്വർണത്തിന്റെ ഇഷ്ടികകൊണ്ടാണ്. ചിലത് വെള്ളികൊണ്ടും. അതിലെ ടെന്റുകൾ മുത്തും പവിഴവുംകൊണ്ടും. ചില വീടുകളാകട്ടെ, നിറം നൽകപ്പെട്ട രത്നം, മരതകം എന്നിവകൊണ്ടുമാണ്. അതിന്റെ തെളിമയാകട്ടെ, അകത്തുനിന്ന് പുറവും പുറത്തുനിന്ന് അകവും കാണത്തക്ക വിധത്തിലാണ്. അതിന്റെ ഭംഗിയും വിശേഷവും വർണിക്കാൻ ഒരു വർണിക്കുന്നവനും സാധ്യമല്ല. ലോകത്ത് ഒരാളുടെ ഹൃദയത്തിലും അത് സങ്കൽപിക്കാനാവില്ല. അത് മനസ്സിലാക്കാൻ അതിന്റെ ഭംഗി കണ്ടനുഭവിക്കുന്നതുവരെ സാധ്യമല്ല. അത് അവരുടെ കൺകുളിർപ്പിക്കും.**

ഇല്ലാതാവാൻ പറ്റാത്തവിധം സമ്പൂർണമായ സൃഷ്ടിപ്പ് അവൻ നടത്തിയിരുന്നില്ലെങ്കിൽ ആ അവസ്ഥയിൽ അവർ സന്തോഷം കൊണ്ട് മരിക്കാറാകുമായിരുന്നു. അവൻ മഹാപരിശുദ്ധൻ. അവനുള്ള പുകഴ്ത്തൽ സൃഷ്ടികളിലൊരാൾക്കും ക്ലിപ്തപ്പെടുത്താനാവില്ല.

അല്ല, അവൻ സ്വന്തത്തെ പുകഴ്ത്തിയത് പോലെ. അവനെക്കാളും പുകഴ്ത്തപ്പെടേണ്ട ഒരാളും തന്റെ സൃഷ്ടികളിലില്ല. അവൻ അനുഗ്രഹപൂർണനും മഹത്ത്വമുടയവനും ഭംഗിയുള്ളവനുമാണ്. സുഖാനുഗ്രഹത്തിന്റെ ഭവനമുണ്ടാക്കിയവൻ, ഹൃദയത്തെ പടികൂടുന്ന, മനുഷ്യബുദ്ധിയെ വിസ്മയിപ്പിക്കുന്ന ഭംഗിയും മഹത്ത്വവും അവിടെ അവൻ ഏർപ്പെടുത്തി. അല്ലാഹു സമ്പൂർണ യുക്തിയുള്ളവനാ

ണ്. അക്കൂട്ടത്തിൽ പെട്ടതാണ് അല്ലാഹു സ്വർഗം കാണിച്ചുകൊടുക്കുകയും അതിലുള്ള സുഖാനുഗ്രഹങ്ങളെ നോക്കിക്കാണുകയും ചെയ്യുന്ന ഒരാൾക്കും സ്വർഗം നഷ്ടപ്പെടുകയില്ല എന്നത്. കാരണം ദുഖവും സന്തോഷവും വേദനയും ജീവിതസുഖങ്ങളുമായി കൂടിക്കലർന്ന അപൂർണ ജീവിതമാണ് അവൻ ഇവിടെ അനുഭവിച്ചത്. സ്വർഗത്തിന് പേരു നൽകപ്പെട്ടത് എന്നാണ്. കാരണം അവിടെയുള്ളവർ അവിടെ സ്ഥിരതാമസക്കാരാണ്. ഒരിക്കലും അതിൽനിന്നവർ പുറത്തുപോവുകയില്ല. അതിൽ നിന്ന് വിട്ടുമാറാൻ അവർ ആഗ്രഹിക്കുകയില്ല. അത് മഹത്തായതും മനോഹരമായ പ്രതിഫലവുമാണ്. തുല്യതയില്ലാത്ത മഹാവിജയവും. ഇതാണ് പാരത്രിക പ്രതിഫലം.

13). എന്നാൽ ഈ കച്ചവടത്തിന് ഇഹലോകത്തുള്ള പ്രതിഫലം; അതിനെക്കുറിച്ച് പറയുന്നു: (നിങ്ങളിഷ്ടപ്പെടുന്ന മറ്റൊരു കാര്യവും) അതായത് നിങ്ങളിഷ്ടപ്പെടുന്ന മറ്റൊരു കാര്യവും കൂടി നിങ്ങൾക്ക് ലഭിക്കും. അത് (അല്ലാഹുവിൽ നിന്നുള്ള സഹായവും) നിങ്ങൾക്ക് ശത്രുവിനെതിരായി സന്തോഷവും പ്രതാപവും നേടിത്തരുന്ന (ആസന്നമായ വിജയവും). ഇസ്‌ലാമിക വൃത്തം വിശാലമായിത്തീരുന്ന, വിശാലമായ ഉപജീവനം നേടിത്തരുന്ന. ഇത് ധർമസമരം ചെയ്യുന്ന വിശ്വാസികൾക്കുള്ള പ്രതിഫലമാണ്. എന്നാൽ ധർമസമരത്തിന്റെ ബാധ്യത മറ്റുള്ളവർ നിർവഹിക്കുകയും ജിഹാദിൽ പങ്കെടുക്കാതിരിക്കുകയും ചെയ്ത വിശ്വാസികൾ; അല്ലാഹു അവന്റെ ഔദാര്യത്തിൽനിന്നും നന്മയിൽ നിന്നും അവരെ നിരാശപ്പെടുത്തുകയില്ല. മറിച്ച് അല്ലാഹു പറയുന്നു: (സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുക) ഇഹത്തിലും പരത്തിലും ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ച്. എല്ലാം അവന്റെ ഈമാനനുസരിച്ചായിരിക്കും; അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവരുടെ പദവിയിലേക്ക് അവർ എത്തിയിട്ടില്ലെങ്കിലും. നബിﷺ പറഞ്ഞതുപോലെ:

“ആരെങ്കിലും അല്ലാഹുവിനെ റബ്ബായും ഇസ്‌ലാമിനെ മതമായും മുഹമ്മദ് നബിﷺയെ പ്രവാചകനായും തൃപ്തിപ്പെട്ടാൽ സ്വർഗം അവന് നിർബന്ധമായി.

ഹദീഥ് റിപ്പോർട്ടുചെയ്യുന്ന അബൂസഈദിൽ ഖുദ്‌രിؓ ഇത് കേട്ടപ്പോൾ അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞു: ‘ഒരിക്കൽ കൂടി ആവർത്തിക്കൂ പ്രവാചകരേ.’ അപ്പോൾ നബിﷺ വീണ്ടും ആവർത്തിച്ചു. പിന്നീട് പറഞ്ഞു: ‘മറ്റൊരു കാര്യം; അതുമൂലം ഒരടിമ സ്വർഗത്തിൽ നൂറ് പദവി ഉയർത്തപ്പെട്ടു. ഓരോ പദവിക്കിടയിലും ആകാശഭൂമികൾക്കിടയിലുള്ളത്ര അകലമുണ്ട്.’ അപ്പോൾ അദ്ദേഹം ചോദിച്ചു: ‘അതെന്താണ് അല്ലാഹുവിന്റെ ദൂതരേ?’ അവിടുന്ന് പറഞ്ഞു: ‘അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസരമം, അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരം’ (മുസ്‌ലിം).

14). തുടർന്ന് അല്ലാഹു പറയുന്നു: (സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിരിക്കുക) വാക്കുകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും. അത് അല്ലാഹുവിന്റെ ദീനിനെ നിലനിർത്തലാണ്. മറ്റുള്ളവരിൽ അത് നടപ്പിലാവാനുള്ള താൽപര്യമാണ്. ദീനിനോട് എതിരിടുകയും ധിക്കാരം കാണിക്കുകയും ചെയ്യുന്നവരോട് ധനവും ശരീരവുംകൊണ്ട് പോരാടലും അതിൽ പെട്ടതാണ്. തനിക്കുള്ള വിജ്ഞാനംകൊണ്ട് അസത്യത്തെ സഹായിക്കുകയും തെളിവുനശിപ്പിച്ച് സത്യത്തെ നിരാകരിക്കുകയും ദീനിനെതിരെ തെളിവുണ്ടാക്കുകയും ചെയ്യുന്നവർ ഭയപ്പെട്ടുകൊള്ളട്ടെ. അല്ലാഹുവിന്റെ ദീനിനെ സഹായിച്ചവൻ അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകചര്യയും പഠിച്ച്, അതിൽ പഠിക്കാൻ പ്രേരിപ്പിച്ച്, നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്തവനാണ്.

മുൻകഴിഞ്ഞ സജ്ജനങ്ങളെ പിൻപറ്റാൻ സത്യവിശ്വാസികളെ പ്രേരിപ്പിക്കുകയാണ് തുടർന്നുള്ള വചനങ്ങളിൽ. (മർയമിന്റെ മകൻ ഈസാ അല്ലാഹുവിലേക്കുള്ള മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട് എന്ന് ഹവാരികളോട് ചോദിച്ചതുപോലെ) അതായത് അവരെ ഉൽബോധിപ്പിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചു: ആരുണ്ടെന്നെ സഹായിക്കാൻ, അല്ലാഹുവിന്റെ ദീനിനെ സഹായിക്കാൻ എന്റെ കൂടെ നിലകൊള്ളാനും ഞാൻ പ്രവേശിക്കുന്നിടത്ത് പ്രവേശിക്കാനും ഞാൻ പുറത്തുവരുന്നേടത്ത് പുറത്തുവരാനും? ഹവാരികൾ ധൃതിപ്പെട്ടു. അവർ പറഞ്ഞു: (ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു) അങ്ങനെ ഈസാ നബിؑ അദ്ദേഹത്തോടൊപ്പമുള്ള ഹവാരികളും അല്ലാഹുവിന്റെ ദീനിനെ സഹായിച്ചു. (അപ്പോൾ ഇസ്‌റാഈൽ സന്തതികളിൽ പെട്ട ഒരുവിഭാഗം വിശ്വസിക്കുകയും) ഈസാ നബിؑയുടെയും ഹവാരികളുടെയും പ്രബോധനഫലമായി. (മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു) അവരിൽ പെട്ടവർ. അവർ ആ പ്രബോധനത്തിന് കീഴ്‌പ്പെട്ടില്ല. അപ്പോൾ വിശ്വാസികൾ അവരോട് സമരം ചെയ്തു. (എന്നിട്ട് വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരിൽ നാം പിൻബലം നൽകുകയും) അവർക്ക് നാം ശക്തിനൽകുകയും ശത്രുവിനെതിരെ നാം അവരെ സഹായിക്കുകയും ചെയ്തു. (അങ്ങനെ അവർ മികവുറ്റവരായി തീരുകയും ചെയ്തു) ശത്രുവിനെതിരായി അവരിൽ ആധിപത്യം ചെലുത്തുന്നവരായി.

അതിനാൽ മുഹമ്മദ് നബിﷺയുടെ സമുദായമേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളും ദീനിന്റെ പ്രബോധകരുമാവുക. നിങ്ങൾക്ക് മുമ്പുള്ളവരെ സഹായിച്ചപോലെ അല്ലാഹു നിങ്ങളെ സഹായിക്കും. ശത്രുവിനെതിരെ നിങ്ങൾ വിജയം വരിക്കും.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# ദുഷിച്ച മനസ്സും ചീത്തവാക്കും

**കോ**വിഡ് എന്ന പകർച്ചവ്യാധി കാരണത്താൽ സ്‌കൂളുകൾ ഈ വർഷം തുറന്നിട്ടില്ല. എന്നാലും പഠനം ഓൺലൈൻ വഴി തട്ടിമുട്ടിയങ്ങനെ പോകുന്നു. മഅ്‌റൂഫ് പഠിക്കാൻ സമർഥനായതിനാൽ ഓൺലൈൻ ക്ലാസ്സുകളിൽ കൃത്യമായി പങ്കെടുക്കുന്നുണ്ട്. കൃത്യമായി നോട്ടുകൾ എഴുതുന്നുണ്ട്. അസൈൻമെന്റുകൾ തയ്യാറാക്കുന്നുണ്ട്.

കളിയുടെ കാര്യത്തിലാണ് പ്രയാസം. അടുത്തുള്ള ഒരു ഒഴിഞ്ഞ പറമ്പിൽ കളിക്കാൻ കുറെ കൂട്ടുകാർ വരാറുണ്ടായിരുന്നു. കോവിഡ് പരന്നതോടെ എല്ലാവരും കളിക്കാൻ വരവു നിർത്തി. ആരെയും വീട്ടുകാർ കളിക്കാൻ പറഞ്ഞയക്കാറില്ല എന്നതാണു നേര്. എന്നുവച്ച് തീരെ പുറത്തിറങ്ങാതിരിക്കാനാവുമോ? മുറ്റത്തിറങ്ങും. അയൽപക്കത്തുള്ള വീടുകളിൽ രണ്ടുമൂന്ന് കൂട്ടുകാരുണ്ട്. അവരോടൊപ്പം ഏതെങ്കിലും കളിയിൽ ഏർപ്പെടും. അപ്പോഴും അകലം പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കും. ആദ്യമൊക്കെ അത് പ്രയാസകരമായിരുന്നു. ഇപ്പോൾ മാസ്‌ക് ധരിക്കലും അകലം പാലിക്കലുമൊക്കെ ഒരു ശീലമായി മാറിക്കഴിഞ്ഞിട്ടുണ്ട്.

ഒരുദിവസം മുറ്റത്തെ മാവിൻചുവട്ടിൽ മഅ്‌റൂഫും മൂന്നു കൂട്ടുകാരും കഥപറഞ്ഞിരിക്കുന്ന സമയത്താണ് സഹപാഠിയായ ജാബിർ മുൻവശത്തെ വഴിയിലൂടെ നടന്നുപോകുന്നതു കണ്ടത്. ജാബിറിന്റെ സ്വഭാവം അത്ര നല്ലതല്ല. അനാവശ്യ വാക്കുകളേ അവന്റെ വായിൽനിന്ന് പുറത്തുവരൂ. അധ്യാപകരോടു പോലും തർക്കുത്തരമേ പറയൂ. അതുകൊണ്ട് അവനോട് ആർക്കും വലിയ ഇഷ്ടമൊന്നുമില്ല. എന്നാലും തന്റെ വീടിന്റെ മുന്നിലൂടെ നടന്നുപോകുന്ന സഹപാഠിയെ കണ്ടില്ലെന്നു നടിക്കുന്നത് ശരിയല്ലല്ലോ. അതുകൊണ്ട് മഅ്‌റൂഫ് പറഞ്ഞു:

'ഹലോ, ജാബിർ! അസ്സലാമു അലൈക്കും. എന്താ ഇന്ന് ഇതുവഴി?'

'വ അലൈകുമുസ്സലാം. എന്താ ഇതുവഴി പോകാൻ പാടില്ലേ?

'സുഹൃത്തേ, പാടില്ല എന്നു ഞാൻ പറഞ്ഞില്ലല്ലോ!'

'പറഞ്ഞാൽ ഞാൻ പോകാതിരിക്കുമോടാ പുല്ലേ?'

'എന്റെ പൊന്നു സുഹൃത്തേ, ഞാനൊന്നും ചോദിച്ചിട്ടില്ല. നീ നിന്റെ വഴിക്ക് പൊയ്‌ക്കോ' മഅ്‌റൂഫ് വീട്ടുകാർ ശ്രദ്ധിക്കുണ്ടോ എന്നറിയാൻ വീട്ടിലേക്ക് തിരിഞ്ഞുനോക്കിക്കൊണ്ട് പറഞ്ഞു.

'എന്നെ പറഞ്ഞയക്കാൻ നീയാരാടാ കഴുതേ? പോയില്ലെങ്കിൽ നീ എന്തുചെയ്യുമെടാ...' പിന്നെ ജാബിർ പറഞ്ഞത് പച്ചത്തെറികളായിരുന്നു. അവിടെനിന്ന് കുറെ ചീത്തവിളിച്ച് മടുത്തപ്പോൾ അവൻ അവന്റെ വഴിക്കു പോയി.

മഅ്‌റൂഫിന്റെ കൂടെയുള്ള കൂട്ടുകാർ ഇതൊക്കെ കണ്ടും കേട്ടും അന്തംവിട്ടിരിക്കുകയായിരുന്നു. എന്തെല്ലാം തെറിവാക്കുകളാണ് ജാബിർ മഅ്‌റൂഫിനോടു പറഞ്ഞത്! എന്നിട്ടും അവൻ അനാവശ്യമായ ഒരു വാക്കുപോലും പറഞ്ഞില്ല!

ജാബിർ നടന്നകന്നു എന്ന് ബോധ്യമായപ്പോൾ ഒരു കൂട്ടുകാരൻ മഅ്‌റൂഫിനോടു ചോദിച്ചു:

'അവൻ അത്രയും വലിയ ചീത്തപറഞ്ഞിട്ടും നീയെന്താണ് തിരിച്ചൊന്നും പറയാതിരുന്നത്?'

മഅ്‌റൂഫ് ചിരിച്ചുകൊണ്ടു പറഞ്ഞു: 'അവന്റെ മനസ്സിലുള്ളതാണ് അവൻ വിളിച്ചുപറഞ്ഞത്. എന്റെ മനസ്സിൽ അങ്ങനെയൊന്നുമില്ലാത്തതിനാൽ ഞാൻ തിരിച്ചു പറഞ്ഞില്ല. ഞാനും അവനെ തിരിച്ചു തെറിവളിച്ചാൽ പിന്നെ ഞാനും അവനും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? അല്ലാഹുവിലും അന്ത്യനാളിലും വിശ്വാസമുള്ളവൻ നല്ലതുപറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ എന്ന നബിവചനം നമ്മൾ മദ്‌റസയിൽനിന്നു പഠിച്ചത് നിങ്ങൾ ഓർക്കുന്നില്ലേ?'

കൂട്ടുകാരേ, നിങ്ങളാരും ഈ കഥയിലെ ജാബിറിന്റെ സ്വഭാവമുള്ളവരാകരുത്. എല്ലാവരും മഅ്‌റൂഫിനെ പോലുള്ള നല്ല കുട്ടികളാവണം.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- ശനിയാഴ്ച രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- വരിക്കാരെ പരിഗണിച്ച് ഇനി മുതൽ ഓരോ ലക്കവും മത്സരത്തിനായി രണ്ടാഴ്ച ഓൺലൈനിൽ ലഭ്യമാവും.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 190

**ഒന്നാം സമ്മാനം:**
Juvairiya Abdhul Rahman, Erattupetta, Kottayam

**രണ്ടാം സമ്മാനം:**
Ahammed Adil P, Thiruvali, Malappuram

**മൂന്നാം സമ്മാനം:**
Riswana Fathima, Cherthala, Alappuzha

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 SEPTEMBER 19

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള
മെഗാ ഓൺലൈൻ ക്വിസ് മത്സരം

ONLINE
നേർപഥം Quiz
MEGA

ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!
രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!
മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!
പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!
കൂടാതെ ശരിയുത്തരമയക്കുന്ന
1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!

ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!



QR കോഡ് സ്കാൻ ചെയ്യുക
zameel the soulmate
വിശദവിവരങ്ങൾക്ക് നേർപഥം വെബ്സൈറ്റോ സമീൽ ഓൺലൈൻ ലൈബ്രറിയോ സന്ദർശിക്കുക

ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!
മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!